കേരള സർക്കാർ

# ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്
# 2017-2018
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)
നം.കെ.എസ്.എ.ഇകെഎം(പി.11 ) 2079/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 08.10.2018

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി11)2079/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : doekm.ksad@kerala.gov.in
തീയതി : 08/10/2018

## എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദായങ്ങൾ, എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.07.2017 മുതൽ 30.06.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ലഭ്യമായ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ജയ സി.ആർ<br>ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.07.2018 മുതൽ 17.07.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ഷേർളി പീറ്റർ , ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. കവിതാദേവി വി,<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഷൈബി ഇ ഡി,സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| | ശ്രീ. നവാസ് സി എം , ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. പി ആർ രാജേഷ് | 01.04.2017 മുതൽ 31.01.2018 വരെ |
| | ശ്രീമതി.ആശാ ഏലിയാസ് (ഇൻ ചാർജ്ജ്) | 01.02.2018 മുതൽ 27.02.2018 വരെ |
| | ശ്രീ.ദിലീപ് കപ്രശ്ശേരി | 28.02.2018 മുതൽ 31.03..2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.പ്രശാന്ത് കെ കെ | 01.04.2017 മുതൽ 14.05.2017 വരെ |
| | ശ്രീ.കെ എസ് പ്രകാശൻ | 15.05.2017 മുതൽ 31.03.2018 വരെ |
| അസി.സെക്രട്ടറി | ശ്രീ ബിനുകുമാർ സി വി | 01.04.2017 മുതൽ 16.06.2017 വരെ |
| | ശ്രീ ആന്റണി റോഷൻ | 16.06.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി സുധാകുമാരി ജെ എസ് | 01.04.2017 മുതൽ 31.03.2018വരെ |
| വെറ്ററിനറി സർജൻ | ഡോ.പ്രസീദ് സി പി | 01.04.2017 മുതൽ 31.03.2018വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി മനീഷ ടി എ | 01.04.2017 മുതൽ 31.03.2018വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ദേശം) | ശ്രീ. മനോജ് കുമാർ എം | 01.04.2017 മുതൽ 20.04.2017(FN)വരെ |
| | ശ്രീമതി ഷൈനി ബാബു | 21.04.2017(AN) മുതൽ 04.12.2017 വരെ |
| | ഒഴിവ് | 05.12.2017 മുതൽ 11.12.2017 വരെ |
| | ശ്രീമതി റീന എം ആർ | 12.12.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ചെങ്ങമനാട്) | ശ്രീ സാബിക് ടി എസ് | 01.04.2017 മുതൽ 11.07.2017വരെ |
| | ശ്രീ റിബു വർഗ്ഗീസ് | 12.07.2017 മുതൽ 02.10.2017വരെ |
| | ശ്രീ കുട്ടൻ ആർ എം | 03.10.2017 മുതൽ 31.03.2018വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി മിനിമോൾ രാജൻ | 01.04.2017 മുതൽ 31.03.2018വരെ |

| | | |
|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ സജീവ് കുമാർ പി ആർ | 01.04.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി/സി എച്ച് സി) | ഡോ. എലിസബത്ത് . പി.ടി | 01.04.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സുനിതാകുമാരി കെ കെ | 01.04.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.എ ജി ലത | 01.04.2017 മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി മിനിമോൾ പി വി | 01.04.2017 മുതൽ 31.03.2018വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം – 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | അഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം – 2 | |
| 13 | ലൈഫ് മിഷൻ പദ്ധതിയിലെ ധനസമാഹരണത്തിൽ ക്രമക്കേട് | 2-1 |
| 14 | വസ്തു നികുതി നിർണ്ണയത്തിലും പെർമിറ്റ് നൽകിയതിലും അപാകതകൾ | 2-2 |
| 15 | വസ്തു നികുതി നിർണ്ണയം നടത്തിയതിൽ കുറവ് - നഷ്ടം - 88678/- | 2-3 |
| 16 | റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിൽ കുറവ്-നഷ്ടം 943020/- | 2-4 |
| 17 | സ്ഥാപന തൊഴിൽ നികുതി പിരിച്ചിട്ടില്ല | 2-5 |
| 18 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചിട്ടില്ല. | 2-6 |
| 19 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ തൊഴിൽ | 2-7 |

| | | |
|---|---|---|
| | നികുതി പിരിക്കാത്തത് സംബന്ധിച്ച് | |
| | ഭാഗം – 3 | |
| 20 | എസ് സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ പദ്ധതി -അപാകതകൾ | 3-1 |
| 21 | കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകൾ | 3-2 |
| 22 | ആദായനികുതി ഈടാക്കിയില്ല | 3-3 |
| 23 | മരാമത്ത് പ്രവൃത്തികൾ-പൊതുപരാമർശങ്ങൾ | 3-4 |
| 24 | കറവപ്പശു സബ്സിഡി | 3-5 |
| 25 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | 3-6 |
| 26 | സ്കൂൾ കുട്ടികൾക്ക് യോഗ- പ്രോജക്ട് നടപ്പിലാക്കിയില്ല. | 3-7 |
| 27 | ദുരിതാശ്വാസ നിധി കാര്യക്ഷമമല്ല | 3-8 |
| 28 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -അസസ്സ്മെന്റിൽ ചേർത്തിട്ടില്ല | 3-9 |
| 29 | പൊതുസ്ഥലങ്ങളിൽ പുറന്തള്ളുന്ന മാലിന്യം നീക്കം ചെയ്യൽ പദ്ധതി | 3-10 |
| 30 | അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ | 3-11 |
| 31 | വിദ്യാഭ്യാസ മേഖലയിലെ പ്രോജക്ടുകൾ വികസന ലക്ഷ്യത്തിൽ എത്തുന്നില്ല. | 3-12 |
| 32 | ജലനിധി ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി- നടപ്പാക്കുന്നതിൽ കാലതാമസം | 3-13 |
| 33 | പകൽ വീട് പ്രവർത്തിക്കുന്നില്ല | 3-14 |
| 34 | ഇ-ടെണ്ടർ ഫോറം വില പഞ്ചായത്തിന് ലഭിക്കുന്നില്ല. | 3-15 |
| | ഭാഗം – 4 | |
| 35 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 38 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 42 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-8 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

. 25.3.2017 തിയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 27.3.2018 തിയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 02.07.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരി ശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 19.6.2018 & 20.6.2018 | KSA-EKM (PG)1786(11)/2018 dt. 4.7.18 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

.

| | |
|---|---|
| മുന്നിരിപ്പ് | 22450155 |
| വരവ് | 81113029 |
| ആകെ | 103563184 |
| ചെലവ് | 89906683 |
| നീക്കിയിരിപ്പ് | 13656501 |

.

## 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി | ലാപ്സായ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 17134353 | 17134353 | 12792483 | | 4341870 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5135862 | 5135862 | 3460415 | | 1675447 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 20992 | 20992 | 0 | | 20992 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 15682955 | 15682955 | 15682955 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5442242 | 5442242 | 4746935 | | 695307 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 7630937 | 7630937 | 7553008 | | 77929 |
| കെ. എൽ. എസ്. ജി. ഡി. പി | 0 | 2960101 | 2960101 | 2921108 | | 38993 |
| എസ് ബി ടി സീറോബാലൻസ്-ജലനിധി | 1000000 | 37931 | 1037931 | 0 | 1037931 | |
| ലിറ്ററസി എസ്.ബി.ടി. | 10545 | 1574 | 12119 | 0 | 12119 | |
| ദുരിതാശ്വാസം എസ്.ബി.ടി. | 21491 | 1570 | 23061 | 0 | 23061 | |
| എം.എൻ ആർ.ഇ. ജി.എസ്. | 998 | 1020233 | 1021231 | 1020048 | 1183 | |
| സി.സി.സി . ഹെൽത്ത് ഇൻഷുറൻസ് | 500 | -- | 500 | -- | 500 | |
| ലൈഫ് -മിഷൻ ( ) | 0 | 415650 | 415650 | 679 | 414971 | |
| ടോട്ടൽ സാനിട്ടേഷൻ | 116079 | 4495 | 120574 | -- | 120574 | |
| ജനകീയ ഭവനം | 178700 | 1763 | 180463 | 180463 | 0 | |
| ട്രഷറി ടി.എസ്.ബി | 12676330 | 11869073 | 24545403 | 22910032 | 1635371 | |
| ജോയിന്റ് വെഞ്ചർ ട്രഷറി ടി.എസ്.ബി. | 0 | 1920000 | 1920000 | 1845000 | 75000 | |
| തനത് ഫണ്ട് | 8122104 | 17187545 | 25309649 | 15443631 | 9866018 | |
| ബി. ഫണ്ട് | 0 | 325160 | 325160 | 325160 | 0 | |
| കറന്റ് അക്കൌണ്ട്-ഇ പേമെന്റ് | 0 | 303903 | 303903 | 0 | 303903 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. | പദ്ധതി അടങ്കൽ | നടപ്പാക്കിയ | പദ്ധതി ചെലവ് | ഭാഗികമായിനടപ്പാക്കി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| എണ്ണം | | ത്.എണ്ണം | | യത്. എണ്ണം | എണ്ണം | പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 231 | 83181246 | 156 | 52553529 | 32 | 43 | 67.5 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 998 | 824801 | 825799 | 824615.96 | 1183.04 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 1026 | 12790368 | 12790368 | 12790368 | 0 |
| ആകെ | 8096 | 13538715 | 13546811 | 13545193 | 1618 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 23160 | 44 |
| കർഷകതൊഴിലാളി പെൻഷൻ | 5232700 | 450 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 150000 | 5 |
| വിധവാപെൻഷൻ | 12781900 | 1075 |
| വാർദ്ധക്യകാല പെൻഷൻ | 2251900 | 1719 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 3576400 | 300 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധന സഹായം | 49800 | 42 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.7.2018 ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,94,552/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

. ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ രജിസ്ററുകൾ മററു രേഖകൾ എന്നിവ നല്ല രീതിയിലാണ് സൂക്ഷിച്ചു പോരുന്നത്.എന്നാൽ ഇൻകുംബൻസി രജിസ്ററർ,ഓഡിററ് റിക്കവറി രജിസ്ററർ എന്നിവ സൂക്ഷിച്ചുപോരുന്നില്ല.സ്യൂട്ട് രജിസ്ററർ പരിശോധിച്ചതിൽ പല കേസ് ഫയലുകളും തിരികെ ലഭിച്ചിട്ടില്ലെന്നു കാണുന്നു.2016 ൽ വിധി ആയവയും ഇതിൽ ഉൾപ്പെടുന്നു. ആയത് കേസിന്റെ തുടർ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.കെട്ടിടനിർമ്മാണ പെർമിറ്റ് ഫയലുകൾ ,കംപ്ളീഷൻ ഫയലുകൾ,നമ്പറിംഗ് ഫയലുകൾ എന്നിവ മൂന്ന് സെക്ഷനുകളിലായി സൂക്ഷിക്കുന്ന രീതിക്ക് പകരം ഒന്നായി സൂക്ഷിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥർ സൂക്ഷിക്കേണ്ട പ്രോജക്ട് രജിസ്ററുകൾ കൃത്യമായും സൂക്ഷിക്കേണ്ടതാണ്.കൃഷി ഓഫീസർ പ്രോജക്ട് രജിസ്ററർ കാലികമാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.07.2018 | 06/2018 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | | 2011-12 മുതൽ 2015-16 വരെ | 15.03.2017 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടുത്തിയതൊഴികെ മറ്റ് അപാകതകൾ ഇല്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലൈഫ് മിഷൻ പദ്ധതിയിലെ ധനസമാഹരണത്തിൽ ക്രമക്കേട്

2017-18 വർഷത്തെ വരവുകളുടെ പരിശോധനയിൽ 'ലൈഫ് മിഷൻ' പദ്ധതിയിലേക്ക് പൊതുജനങ്ങളിൽ നിന്നും ഗ്രാമപഞ്ചായത്ത് സംഭാവന സ്വീകരിച്ചിട്ടുണ്ട്. ലൈഫ് മിഷൻ എന്ന ഹെഡിൽ , തെല്ലൊരിടം - ഒരു ചെങ്ങമനാടൻ പാർപ്പിട പദ്ധതി - എന്ന പേരിൽ രസീതും നൽകി (കൗണ്ടർ ഫോയിൽ രസീത്) സംഭാവനകൾ സ്വീകരിച്ചിട്ടുണ്ട്. 2017-18 വർഷത്തെ വാർഷിക കണക്കുകളിൽ ബി-4 ഷെഡ്യൂൾ പ്രകാരം ആകെ 414971 രൂപ (320200301 -ഹെഡ്) വോളണ്ടറി കോൺട്രിബ്യൂഷൻസ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

1. ഡേ ബുക്ക് പ്രകാരം വോളണ്ടറി കോൺട്രിബ്യൂഷൻസ് തുക രേഖപ്പെടുത്തി കളക്ഷൻ വന്നത് ബാങ്കിൽ അടച്ചിട്ടുണ്ട്.

2. തുക പൊതു ജനങ്ങളിൽ നിന്നും സ്വീകരിച്ചത് സംബന്ധിച്ച പരിശോധനയിൽ, ഇപ്രകാരം തുക പിരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ,ഗ്രാമ പഞ്ചായത്ത് ജനറൽ കമ്മിറ്റിയോ തീരുമാനം എടുത്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/10-07-2018) ലഭ്യമാക്കിയ മറുപടിയിൽ രസീത് പ്രിന്റ് ചെയ്ത് പൊതുജനങ്ങളിൽ നിന്നും തുക പിരിക്കുന്നതിന് കമ്മിറ്റി തീരുമാനം എടുത്തതായി രേഖപ്പെടുത്തിയിട്ടില്ല.

3. ആലുവ ബാങ്ക് ജംഗ്ഷനിൽ ഉള്ള RK പ്രിന്റേഴ്സ് (ഫോൺ - 2624451) എന്ന സ്ഥാപനത്തിൽ നിന്നും 74 രസീത് ബുക്കുകൾ ആണ് ലൈഫ് മിഷൻ പദ്ധതിക്കായി പ്രിന്റ് ചെയ്ത് വാങ്ങിയത് . വൗച്ചർ/ബിൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(Bill No. 1290/14-08-2017 - 6850/- Cheque No. 463590/05-08-2017-

Bill no. 6446/02-08-2017 -6850)

വൗച്ചർ നം. 21700366/05-08-2017.

മേൽ രസീതുകൾ ഉപയോഗിച്ചതിൽ അപാകത കാണുന്നു. രസീതുകൾ കൗണ്ടർ ഫോയിൽ രീതിയിലാണ് പ്രിന്റ് ചെയ്തിരിക്കുന്നത്. സംഭാവന സ്വീകരിക്കുമ്പോൾ ഒറിജിനൽ സംഭാവന നൽകുന്നവർക്ക് നൽകിയും കൗണ്ടർ ഫോയിൽ ഗ്രാമ പഞ്ചായത്ത് സൂക്ഷിച്ചിരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ഇത് 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടിംഗ് )ചട്ടങ്ങളിലെ ചട്ടം 20(സി) പ്രകാരം പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്ക് വിരുദ്ധമാണ്. ചട്ടം 20(സി) പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതുകൾ മെഷീൻ നമ്പർ നൽകിയവയും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയുമായിരിക്കണം. അസ്സൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ളിക്കേറ്റ് പണം നൽകിയ ആൾക്ക് നൽകേണ്ടതുമാണ്. കൂടാതെ ഇപ്രകാരം നൽകിയ രസീതുകളിൽ ഗ്രാമപഞ്ചായത്തിന്റെ സീൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/10-07-2018 ന് ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് ആവശ്യപ്പെട്ട വിവരങ്ങൾക്ക് വിശദീകരണം നൽകാത്തതിനാൽ മറുപടി തൃപ്തികരമല്ല.

4. ലൈഫ് മിഷൻ -*തെല്ലൊരിടം*- ഒരു ചെങ്ങമനാടൻ പാർപ്പിട പദ്ധതി - ഏകദിന വിഭവ സമാഹരണം 2017 ആഗസ്റ്റ് 6 ഞായർ - എന്ന തലക്കെട്ടോട് കൂടി കെ.എസ്.പ്രകാശൻ,സെക്രട്ടറി, പി.ആർ.രാജേഷ് പ്രസിഡന്റ് എന്നിവരുടെ പേരിൽ നോട്ടീസ് അടിച്ച് വിതരണം ചെയ്തിട്ടുണ്ട്. (നോട്ടീസിലെ തീയതി -19-07-2017). ഉപയോഗിച്ച രസീതുകളിൽ ഗ്രാമപഞ്ചായത്തിന്റെ സീൽ രേഖപ്പെടുത്തിയിട്ടുണ്ട്. രസീതുകളുടെ കൗണ്ടർ ഫോയിലുകളുടെ

പിറകുവശത്ത് റിബിൻ.പി.ആർ, ക്ളർക്ക്, ചെങ്ങമനാട് ഗ്രാമ പഞ്ചായത്ത് എന്ന് സീൽപതിച്ച് ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. തുക പിരിച്ചതും ഗ്രാമ പഞ്ചായത്തിലേക്ക് അടച്ചതും -പരിശോധിച്ചതിൽ 06-08-2017-ൽ (ഏകദിന വിഭവ സമാഹരണ തീയതി) രസീത് പ്രകാരം പിരിച്ച തുക യഥാസമയം(തൊട്ടടുത്ത പ്രവൃത്തി ദിവസം) ഗ്രാമപഞ്ചായത്തിൽ അടച്ചിട്ടില്ല. ഉദാഹരണത്തിന് രസീത് ബുക്ക് നം. 19 പ്രകാരം രസീത് നം. 1721 മുതൽ 1865 വരെയുള്ള രസീതുകളുടെ പിരിവ് തുകയായ 17150/-രൂപ ഗ്രാമ പഞ്ചായത്തിൽ അടച്ചിരിക്കുന്നത് സാംഖ്യ രസീത് നം. 117010107419 പ്രകാരം 26-02-2018 തീയതിയിലാണ്. രസീത് നം. 20 ൽ രസീത് നം. 1901 മുതൽ 1916 വരെ 06-08-2017 ൽ പിരിച്ച തുകയായ 5100 രൂപ സാംഖ്യാ രസീത് നം. 117010107867പ്രകാരം ഗ്രാമ പഞ്ചായത്തിലേക്ക് അടച്ചത് 06-03-2018 ലാണ്. രസീത് ബുക്ക് നം. 20 ലെ രസീത് 1917മുതൽ 1960 വരെയുള്ള രസീതുകളിൽ 06-08-2017 ൽ പിരിച്ച തുകയായ 12550/- രൂപ സാംഖ്യ രസീത് നം 118010102547 പ്രകാരം ഗ്രാമപഞ്ചായത്തിലേക്ക് അടച്ചത് 11-07-2018 തീയതിയിലാണ്.(ഓഡിറ്റ് നടക്കുന്ന തീയതിയിൽ ). ഇപ്രകാരം ലൈഫ് മിഷനിലേക്ക് പൊതുജനങ്ങളിൽ നിന്നും ഏകദിന വിഭവ സമാഹരണം എന്ന പേരിൽ തുക പിരിക്കുകയും ആയത് അനധികൃതമായി കൈവശം വയ്ക്കുകയുമാണ് ചെയ്തിരിക്കുന്നത്. കേരള ഫിനാൻഷ്യൽ കോഡ് അനുച്ഛേദം 7 പ്രകാരം പിരിക്കുന്ന തുക തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ അടയ്ക്കേണ്ടതാണ്. ഇപ്രകാരം പൊതുജനങ്ങളിൽ നിന്നും പിരിച്ച തുക ഗ്രാമ പഞ്ചായത്തിൽ അടയ്ക്കാതെ കൈവശം വച്ചത്, കേരള ഫിനാൻഷ്യൽ കോഡ് അനുച്ഛേദം 7(1),7(2) ൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. കൂടാതെ ലൈഫ് മിഷൻ രജിസ്റ്റർ പേജ് 48 ൽ 06-08-2017 ൽ പിരിച്ച തുക ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടില്ല എന്ന് രേഖപ്പെടുത്തി സെക്രട്ടറി 06-03-2018ൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. പേജ് 49 ൽ 17,18,19 രസീത് ബുക്കുകൾ 26-02-2018ൽ തിരികെ കൈപ്പറ്റിയതായും, 20ാം നമ്പർ ബുക്ക് 06-03-2018 ൽ തിരികെ കൈപ്പറ്റി എന്നും രേഖപ്പെടുത്തി സെക്രട്ടറി ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. 06-08-2017 ൽ പിരിച്ച തുകയുടെ രസീതുകൾ കൈപ്പറ്റിയ വേളയിൽ പോലും പിരിച്ച തുകകൾ വസൂലാക്കാൻ സെക്രട്ടറി ശ്രദ്ധിച്ചിട്ടില്ല. ഓഡിറ്റ് വേളയിൽ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (ഓഡിറ്റ് എൻക്വയറി നം. 4/11-07-2018) അടിസ്ഥാനത്തിലാണ് 11-07-2018 ലും 12-07-2018 ലും 06-08-2017 ൽ പിരിച്ച തുകകൾ അടച്ചിട്ടുള്ളത്.

രസീതുകളുടെ പിരിവ് /അടവ് വിവരങ്ങൾ

ലൈഫ് മിഷൻ രജിസ്റ്റർ പേജ് 79 ൽ 74 രസീതുബുക്കുകളും ഇഷ്യൂ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇഷ്യൂ ചെയ്ത രസീതുബുക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നം. | നൽകിയ രസീതുബുക്കുകളുടെ എണ്ണം | ഉപയോഗിക്കാത്ത രസീതുകൾ /എണ്ണം |
|---|---|---|
| വാർഡ് -1 | നം.1 to 4 (4 എണ്ണം) | 2, 3, 4 ( 3 എണ്ണം) |

| | | |
|---|---|---|
| വാർഡ് -2 | നം. 5 to 8 (4 എണ്ണം) | 6,7,8-3 (3 എണ്ണം) |
| വാർഡ് -3 | നം. 9 to 12 (4 എണ്ണം) | 12 (1 എണ്ണം) |
| വാർഡ് -4 | നം. 13 to 16 (4 എണ്ണം) | 14,15,16 (3എണ്ണം) |
| വാർഡ് -5 | രസീത് നം. 17 to 20 (4 എണ്ണം) | 17,( 1എണ്ണം) |
| വാർഡ് -6 | 21 to 24 (4 എണ്ണം) | 22,23,24 (3എണ്ണം) |
| വാർഡ് -7 | രസീത് നം. 25 to 28 (4 എണ്ണം) | 28 (1എണ്ണം) |
| വാർഡ് -8 | രസീത് നം. 29 to 32(4 എണ്ണം) | 30,31,32 (3എണ്ണം) |
| വാർഡ് -9 | രസീത് നം. 33 to 36 (4 എണ്ണം) | 33,34,35 (3എണ്ണം) |
| വാർഡ് -10 | രസീത് നം. 37 to 40 (4 എണ്ണം) | 37,39,40 (3എണ്ണം) |
| വാർഡ് -11 | രസീത് നം. 41 to 44 (4 എണ്ണം) | 41,42,44 (3എണ്ണം) |
| വാർഡ് -12 | രസീത് നം. 45 to 48 (4 എണ്ണം) | 47,48 (2എണ്ണം) |
| വാർഡ് -13 | രസീത് നം. 49 to 52 (4 എണ്ണം) | 50, 51, 52 (3എണ്ണം) |
| വാർഡ് -14 | രസീത് നം. 53 to 56 (4 എണ്ണം) | 53,54,56 (3 എണ്ണം) |
| വാർഡ് -15 | രസീത് നം. 57 to 59 (3 എണ്ണം) | 58,59 (2എണ്ണം) |
| വാർഡ് -16 | രസീത് നം. 60 to 63 (4 എണ്ണം) | 60 (1എണ്ണം) |
| വാർഡ് -17 | രസീത് നം. 64 to 67 (4 എണ്ണം) | 66,67 (2എണ്ണം) |
| വാർഡ് -18 | രസീത് നം. 68 to 71 (4 എണ്ണം) | 69,70,71 (3എണ്ണം) |
| പ്രസിഡന്റ് | രസീത് നം. 72 (1 എണ്ണം) | 72 (1എണ്ണം) |
| സെക്രട്ടറി | രസീത് നം. 73 (1 എണ്ണം) | 73 (1എണ്ണം) |
| ഫ്രണ്ട് ഓഫീസ് | രസീത് നം. 74 (1 എണ്ണം) | 74 (1 എണ്ണം) |

. ലൈഫ് മിഷൻ രജിസ്റ്റർ പ്രകാരം രസീത് ബുക്കുകൾ കൈപ്പറ്റി പൊതുജനങ്ങളിൽ നിന്നും തുക പിരിച്ചത് ആരാണ് എന്ന് വ്യക്തമല്ല.

രസീത് പ്രകാരം തുക പിരിച്ചതിന്റേയും അടവാക്കിയതിന്റേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | രസീത് | തുക | പിരിച്ച് അടച്ച തുക |
|---|---|---|---|

| | ബുക്ക് നം/രസീത് നം/ പിരിച്ച തീയതി | ഗ്രാമ പഞ്ചായത്തിൽ അടവാക്കിയ തീയതി /സാംഖ്യ രസീത് നം | |
|---|---|---|---|
| 1 | 1/1-30/06-08-2017 | 07-08-2017/ 117010102060 | 7450 |
| 2 | 5/401-446- 06-08-2017 | 07-08-2017/ 117010102058 | 18602 |
| 3 | 5/447-465 /07-08-2017 | 14-08-2017- 117010102167 | 14500 |
| 4 | 5/466-482/ 08-08-2017 | 14-08-2017- 117010102167 | |
| 5 | 9/801-874/ 06-08-2017 10/901-960/ 06-08-2017 11/1001-1038/ 06-08-2017 | 16-01-2018- 117010105869 17-01-2018 117010500305 | 53271+ 2000 |
| 6 | 13/1201-1220/ 06-08-2017 | 09-08-2017/ 117010102122 | 4700 |
| 7 | 18/1701-1720/ 06-08-2017 | 07-08-2017/ 117010102061 | 22500 |
| 8 | 18/1721-/ 05-09-2017 | 26-02-2018 /117010107867 | 17150 |
| 9 | 19/1801-1860 -06-08-2017 | | |
| 10 | 19/1861-1865- 13-08-2017 | " | " |
| 11 | 20/1901-1916 -06-08-2017 | 06-03-2018/ 117010107867 | 5100 |
| 12 | 20/1917-1958 -06-08-2017 | 11-07-2018/ 118010102547 | 12550 |
| 13 | 20/1959—07-08-2017 | ,, | |
| 14 | 20/1960-09-08-2017 | ,, | |
| 15 | 21/2001-2004/ 06-08-2017 | 07-09-2017/ 117010102506 | 13400 |
| 16 | 21/2007-2012/ 08-08-2017 | " | |
| 17 | 21/2017-2018/ 08-08-2017 | " | |
| 18 | 21/2020-2025/ 11-08-2017 | " | |
| 19 | 21/2029-2043/ 11-08-2017 | " | |

| | | | |
|---|---|---|---|
| 20 | 21/2001,2006, 2013,2016, 2019,2026,2027, 2028/08-07-2017 | 12-07-2018/ 118010102567 | 7800 |
| 21 | 26/2401-2437 /06-08-2017 | 07-08-2017/ 11701010102062 | 21000 |
| 22 | 26/2501-2561 /06-08-2017 | ,, | |
| 23 | 27/2601-2615/ 06-08-2017 | ,, | |
| 24 | 26/2503,2562-2569/07-08-2017 | 08-08-2017/ 117010102097 | 1970 |
| 25 | 29/2801-2820 /06-08-2017 | 24-01-2018/ 117010106132 | 8002 |
| 26 | 36/3501-3520/ 06-08-2017 | 07-08-2017/ 117010102054 | 8600 |
| 27 | 36/3521-3545/ 16-08-2017 | 12-07-2018/ 118010102568 | 9050 |
| 28 29 | 38/3701-377020 -08-2017 | 13-09-2017/ 117010102585 | 26351 |
| 30 | 43/4201-4202/ 06-08-2017 | 30-01-2018 /117010106277 | 2501 |
| 31 | 45/4401-4414/ 06-08-2017 | 07-08-2017/ 117010102055 | 5050 |
| 32 | 46/4501-4510/ 06-08-2017 | " | |
| 33 | 46/4511-4530/ 13-08-2017 | 16-08-2017/ 117010102192 | 10600 |
| 34 | 49/4801-4825 /06-08-2017 | 08-08-2017/ 117010102096 | 17880 |
| 35 | 49/4826 /11-08-2017 | 28-02-2018/ 117010107574 | 500 |
| 36 | 55/5401-5412/ 06-08-2017 | 07-08-2017/ 117010102059 | 3400 |
| 37 | 55/5413-5414/ 13-08-2017 | 11-07-2018/ 118010102551 | 926 |
| 38 | 57/5601-5605/ 06-08-2017 | 09-08-2017/ 117010102102 | 3700 |
| 39 | 61/6001-6018/ 06-08-2017 | 07-08-2017/ 117010102056 | 23742 |
| 40 | 63/6201-6220 /08-08-2017 | " | " |
| 41 | 63/6221-6226/ 06-08-2017 | 11-10-2017/ 117010103144 | 5000 |

| | | | |
|---|---|---|---|
| 42 | 62/6101-6111/ 06-08-2017 | 11-10-2017/ 117010103146 | 970 |
| 43 | 72/7101- | 11-10-2017/ 17010103147 | 1000 |
| 44 | 64/6301-/06-08-2017 | 09-08-2017/ 117010500162 | 10000 |
| 45 | 64/6302-6336/ 06-08-2017 | 09-08-2017/ 117010502108 | 12850 |
| 46 | 64/6303,6313,6317, 6318,6320,6323, 6333/06-08-2017 | 17-01-2018/ 117010105901 | 14500 |
| 47 | 64/6337-6357/ 06-08-2017 | ,, | |
| 48 | 68/6701-6728/ 06-08-2017 | 29-01-2018/ 117010106210 | 5800 |
| 49 | 73/7201-7228- 9-08-2017-23-09-2017 | 9-08-2017 -23-09-2017 | 4700 |

ഇപ്രകാരം ഗ്രാമപഞ്ചായത്തിലെ പദ്ധതിയിലേക്ക് നിയമവിരുദ്ധമായ മാർഗ്ഗങ്ങളിലൂടെ തുക പിരിച്ചതിനാൽ ആയത് അന്യായമായി ദുർവിനിയോഗം ചെയ്യാൻ സാധ്യതയുണ്ട്. ഗ്രാമപഞ്ചായത്തിന്റെ കമ്മിറ്റി സംവിധാനങ്ങളിൽ പോലും ചർച്ച ചെയ്യാതെയും, തുക സമാഹരിക്കാൻ വേണ്ട സ്റ്റാറ്റസ് റിപ്പോർട്ട് ഇല്ലാതെയും നടപ്പാക്കിയ പ്രവൃത്തി ഓഡിറ്റ് ഗൗരവമായി കണ്ട് ഈ വിഷയത്തിൽ കൂടുതൽ അന്വേഷണത്തിനായി ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 2-2 വസ്തു നികുതി നിർണ്ണയത്തിലും പെർമിറ്റ് നൽകിയതിലും അപാകതകൾ

1. ചെങ്ങമനാട് ഗ്രാമ പഞ്ചായത്ത് പതിനഞ്ചാം വാർഡിൽ ശ്രീ.സെബിൻ ഹാറൂൻ, സിൽവിൻ വില്ല എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിട നമ്പർ 445,447,448 പ്രകാരം ഗ്രീൻപാർക്ക് ഓഡിറ്റോറിയത്തിന് നമ്പർ നൽകിയിട്ടുണ്ട് . ഈ കെട്ടിടം സ്ഥലപരിശോധന നടത്തിയതിൽ ഇതോടനുബന്ധിച്ച് ഒരു ലോഡ്ജിംഗ് ഹൗസ് നിർമ്മിക്കുന്നതായി കണ്ടു. പെർമിറ്റ രജിസ്റ്റർ/പെർമിറ്റ് ഫയൽ എന്നിവ പരിശോധിച്ചതിൽലോഡിജിംഗ് ഹൌസ് നിർമ്മിക്കുന്നതിന് 2011 ൽ ഈ കെട്ടിടത്തിനോടനുബന്ധിച്ച് മറ്റൊരു ലോഡ്ജിംഗ് ഹൌസിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. റവന്യൂ രേഖകൾ പ്രകാരം അനുമതി നൽകിയ സ്ഥലം നിലം എന്ന കാറ്റഗറിയിൽ ഉൾപ്പെട്ടതാണ്. 2011 ന് ശേഷം 2014 ലും , 2018 ലും പെർമിറ്റ് പുതുക്കി നൽകിയതായി കണ്ടു. ആയത് പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 358/8-2, 358/9-2, എന്നീ സർവ്വേ നമ്പറുകളിലാണ്കെട്ടിടങ്ങൾ പണിതിട്ടുള്ളതും, നിലവിൽ അനുമതി നൽകിയിട്ടുള്ളതും 2008 ലെ നെൽ വയൽ തണ്ണീർത്തട നിയമത്തിലെ 14 ാം വകുപ്പ് പ്രകാരം കേരള പഞ്ചായത്ത് രാജ് നിയമം ,കേരള മുനിസിപ്പാലിറ്റി നിയമം എന്നിവയിൽ എന്ത് തന്നെ അടങ്ങിയിരുന്നാലും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും നെൽവയലിലോ തണ്ണീർതടത്തിലോ

ഏതെങ്കിലും പ്രവർത്തിയോ നിർമ്മാണമോ ചെയ്യുന്നതിനുള്ള യാതൊരു ലൈസൻസും യാതൊരു തദ്ദേശ സ്ഥാപനവും നൽകുവാൻ പാടില്ലാത്തതാണ്. ഇപ്രകാരം നിലം ആയിട്ടുള്ള സ്ഥലത്തെ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകിയ നടപടി നിയമ വിരുദ്ധമാണ്.

2011 ൽ പെർമിറ്റ് കൊടുക്കുമ്പോൾ 1177.16 ച.മീ. ആണ് പെർമിറ്റ് അനുവദിച്ചിരുന്നത് . എന്നാൽ 25-06-2018 തീയതി വീണ്ടും 3 വർഷത്തേക്ക് പെർമിറ്റ് പുതുക്കി നൽകിയതിൽ 3094 ച.മീ. ആണ് നൽകിയിരിക്കുന്നത്. ഇപ്രകാരം നിലം ആയ സ്ഥലത്ത് (പെർമിറ്റ് രജിസ്റ്റർ പേജ് - 93) കൊമേഴ്സ്യൽ കെട്ടിടനിർമ്മാണത്തിന് പെർമിറ്റ് നൽകുകയും തുടർന്ന് നിലവിൽ നൽകിയതിൽ കൂടുതൽ സ്ഥലത്തിന് കൂടി പെർമിറ്റ് അനുവദിക്കുകയുമാണ് ചെയ്തിരിക്കുന്നത്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 25 ന് ലഭ്യമാക്കിയ മറുപടിയിൽ, പെർമിറ്റ് നൽകിയ സ്ഥലം 2004 ൽ Conversion ആയ സ്ഥലമാണ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 2008 ലെ നെൽവയൽ തണ്ണീർത്തട നിയമത്തിലെ 14-ാം വകുപ്പിൽ, പരിവർത്തനപ്പെടുത്തുകയോ, രൂപാന്തരപ്പെടുത്തുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും നെൽവയലിലോ, തണ്ണീർതടത്തിലോ ഏതെങ്കിലും പ്രവർത്തിയോ നിർമ്മാണമോ ചെയ്യുന്നതിനുള്ള യാതൊരു അനുമതികളും നൽകാൻ പാടില്ലാ എന്നിരിക്കെ പെർമിറ്റ് അനുവദിച്ചത് തന്നെ നിയമവിരുദ്ധമാണ്. നിബന്ധനകൾക്ക് വിധേയമായ താമസ കെട്ടിടം നിർമ്മിക്കുന്നതിന് അനുവാദം നൽകും എന്നല്ലാതെ കോമേഴ്സ്യൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് യാതൊരു അനുമതിയും നൽകാവുന്നതല്ല. ആയതിനാൽ ഓഡിറ്റ് എൻക്വയറിക്ക് സമർപ്പിച്ച മറുപടി അംഗീകരിക്കുന്നില്ല.

നെൽവയൽ, തണ്ണീർതട സംരക്ഷണത്തിനായി കൊണ്ടുവന്ന നിയമത്തിനു വിരുദ്ധമായി വാണിജ്യാവശ്യത്തിന് കെട്ടിട നിർമ്മാണാനുമതി നൽകുകയും, നിയമാനുസൃത കെട്ടിട നമ്പർ നൽകുകയും ചെയ്ത നടപടി പരിശോധിക്കേണ്ടതും ഇതേ സർവ്വേ നമ്പറിൽ വാണിജ്യാവശ്യത്തിന് കെട്ടിട നിർമ്മാണാനുമതി നൽകിയിട്ടുണ്ടോയെന്ന കാര്യം അന്വേഷണ വിധേയമാക്കേണ്ടതാണ്.

2. നിലവിൽ ഉപയോഗിക്കുന്ന ഗ്രീൻ പാർക്ക് ഓഡിറ്റോറിയത്തിന്റേയും അനുബന്ധ കെട്ടിടങ്ങളുടേയും തറവിസ്തീർണ്ണം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം. | തറ വിസ്തീർണ്ണം (ച.മീ.) |
|---|---|---|
| 1 | XV/445 | 480.96 |
| 2 | XV/448 | 144 |
| 3 | XV/447 | 600 |

ഓഡിറ്റ് ടീം സ്ഥല പരിശോധന നടത്തിയത് പ്രകാരം കെട്ടിടങ്ങൾക്ക് എക്സ്റ്റൻഷൻ നടത്തിയതായി കാണുന്നു.കൂടാതെ ഓഡിറ്റോറിയത്തിൽ കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനം പ്രവർത്തിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തി വസ്തു നികുതിയിൽ വേണ്ട മാറ്റം വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നം. 25/17-07-2018 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം, മറ്റ് അനുബന്ധ സൌകര്യങ്ങൾ എൽ.എസ്.ജി.ഡി.എഞ്ചിനീയർ പരിശോധിച്ച് ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട നികുതികൾ വസൂലാക്കാൻ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് / നമ്പറിംഗ് ഫയലുകൾ ഒരുമിച്ച് പരിപാലിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 വസ്തു നികുതി നിർണ്ണയം നടത്തിയതിൽ കുറവ് - നഷ്ടം -102432/- രൂപ

1) സഞ്ചയ പ്രകാരം വസ്തുനികുതി പരിശോധിച്ചതിൽ നികുതി നിർണ്ണയം നടത്തിയതിൽ കുറവുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

13ാം വാർഡിലെ 13/225 പ്രകാരം നികുതി നിർണ്ണയം നടത്തിയിട്ടുള്ള ശ്രീ. റഷീദ് നമ്പുന്നിലത്ത് ,സാബിറ നമ്പുന്നിലത്ത് എന്നിവരുടെ പേരിലുള്ള ഗോഡൗണിന് ആകെ 1000 ച.മീ. തറവിസ്തീർണ്ണമുള്ളതായി സഞ്ചയ പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കെട്ടിടത്തിന് 100 ച.മീ.ൽ താഴെ തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഗണത്തിൽ പെടുത്തിയാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. ഡി&ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഈ കെട്ടിടത്തിൽ വെയർ ഹൗസ് ലോജിസ്റ്റിക്സ് സ്റ്റോറേജ് & ഡിസ്ട്രിബ്യൂഷൻ ഓഫ് ജനറൽ കാർഗോ പേപ്പർ റോൾസ് എന്ന ഗോഡൗൺ ആണ് പ്രവർത്തിക്കുന്നത്. (ലൈസൻസ് നം.2). ചെങ്ങമനാട് ഗ്രാമ പഞ്ചായത്തിന്റെ വസ്തു നികുതി നിർണ്ണയം നടത്തുന്നതിനുള്ള പത്രികയിൽ വാണിജ്യാവശ്യത്തിനുള്ള100 ച.മീ. വരെയുള്ള ഗോഡൗണുകൾക്ക് 40രൂപ അടിസ്ഥാന നികുതിയും 100 ച.മീ.യിൽ കൂടുതൽ തറവിസ്തീർണ്ണം ഉള്ള ഗോഡൗണുകൾക്ക് 70 രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത് . വിശദ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിടനം | കെട്ടിട ഉടമയുടെ പേര് | ഉപയോഗ ത്തിന്റെ തരം | ആകെ തറ വിസ്തീർണ്ണം നിർണ്ണയം നടത്തിയ നികുതി നിരക്ക് | ആകെ നിർണ്ണയം നടത്തിയ നികുതി | ഡിമാന്റ് പ്രകാരം പിരി ക്കേണ്ട നികുതി (ഓഡിറ്റ് എൻക്വയറി ക്കുള്ള മറുപടി പ്രകാരം ) | കുറവ് |
|---|---|---|---|---|---|---|
| 13/225 | റഷീദ്, സാബിറ | ഗോഡൗൺ | 40 | 33600 | 97776 | 64176 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/12-07-2018 ന് ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.വസ്തു നികുതി നിർണ്ണയം നടത്തിയതിൽ കുറവ് വന്ന 64176/-രൂപ കെട്ടിട ഉടമയിൽ നിന്നോ, ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2) വസ്തു നികുതി നിർണ്ണയത്തിൽ നിന്നും കെട്ടിടം ഒഴിവാക്കി - നഷ്ടം - 7860

18/486 പ്രകാരമുള്ള പൊയ്ക്കാട്ടുശ്ശേരി സൊസൈറ്റിയുടെ പേരിലുള്ള 40 ച.മീ. കെട്ടിടത്തെ വസ്തു നികുതി, ഉപനികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ ഗണത്തിൽ പെടുത്തി ഒഴിവാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/ലഭ്യമാക്കിയ മറുപടിയിൽ തെറ്റായി ഒഴിവാക്കിയതാണെന്നും, നികുതി പിരിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. 2017-18 വർഷം ഇപ്രകാരം ഗ്രാമ പഞ്ചായത്തിന് 7860/- രൂപ നഷ്ടം വന്നിട്ടുണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ വിഷയത്തിൽ മോണിട്ടറിംഗ് നടത്തേണ്ടതാണ്. നഷ്ടം വന്ന 7860/-രൂപ കെട്ടിട ഉടമയിൽ നിന്നോ, ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3)ഒരേ ഉപയോഗത്തിലുള്ള കെട്ടിടങ്ങൾ വെവ്വേറെ കണക്കാക്കി നികുതി നിർണ്ണയിച്ചു-നഷ്ടം 30396/-രൂപ

. 2017-18 വർഷത്തെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രജിസ്റ്റർ/ഫയലുകൾ (സഞ്ചയ /വസ്തു നികുതി നിർണ്ണയ രജിസ്റ്റർ) പരിശോധിച്ചതിൽ വസ്തുനികുതി നിർണ്ണയം നടത്തിയതിൽ തറ വിസ്തീർണ്ണത്തിൽ നിരക്ക് മാറ്റി രേഖപ്പെടുത്തിയത് കാരണമായി നികുതി പിരിച്ചതിൽ കുറവുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

.

| ക്രമ. നം | വാർഡ്/ കെട്ടിട നം./ വിസ്തീർണ്ണം | കെട്ടിട ഉടമയുടെ പേര്. | കെട്ടിടത്തിന്റെ ഉപയോഗം | നിർണ്ണയിച്ച നികുതി നിരക്ക് /നിർണ്ണയിച്ച നികുതി (ഇളവ്, വർദ്ധനവ് ഉൾപ്പെടെ) | നിർണ്ണയം നടത്തേണ്ട നിരക്ക് /വരവ് വർദ്ധന ലൈബ്രറി സെസ് ഉൾപ്പെടെ | റിമാർക്സ് | കുറവായി നിർണ്ണയിച്ച തുക (വ്യത്യാസം) |
|---|---|---|---|---|---|---|---|
| 1 | IX/119-B/ 38.2 | കാസിം.എ.എ .&അബ്ദുൽ മനാഫ് മുച്ചേത്ത് | വാണിജ്യം | 40/1766 | 70/3089 | വസ്തു നികുതി നിർണ്ണയ രജിസ്റ്റർ -പേജ് 41 | 1323 |
| 2 | IX/119 C/32.9 | ,, | ,, | 40/1521 | 70/2650 | ,, | 1129 |
| 3 | IX/119 D/35.42 | ,, | ,, | 40/1637 | 70/2863 | ,, | 1226 |
| 4 | IX/119 E/20.37 | ,, | ,, | 40/932 | 70/1637 | | 705 |
| 5 | XVI/8-B/20.08 | ഷിഹാബ്& ഷെഫീന, എളമന(H), തോട്ടക്കാട്ടുകര | വാണിജ്യം | 40/1013 | 70/1771 | പേജ് 76,77 | 758 |
| 6 | XVI/8-C/20.08 | ,, | ,, | 40/1013 | 70/1771 | | 758 |
| 7 | XVI/8-D/20.08 | ,, | ,, | 40/1013 | 70/1771 | | 758 |
| 8 | XVI/8-E/20.08 | ,, | ,, | 40/1013 | 70/1771 | | 758 |
| 9 | XVI/8-F/20.08 | ,, | ,, | 40/1013 | 70/1771 | | 758 |

| | | | | | | | |
|---|---|---|---|---|---|---|---|
| 10 | XVI/8-G/20.08 | കെട്ടിട,, | ,, | 40/964 | 70/1771 | | 758 |
| 11 | XVI/8-H/20.08 | ,, | ,, | 40/964 | 70/1771 | ,, | 758 |
| 12 | XVI/I/20.08- | ,, | ,, | 40/964 | 70/1771 | ,, | 758 |
| 13 | XVI/8-K/20.08 | ,, | ,, | 40/964 | 70/1771 | ,, | 758 |
| 14 | XVI/8-L/11.2 | ,, | ,, | 40/510 | 70/988 | | 478 |
| 15 | XVI/1/I/71.14 | മറിയാമ്മ എന്ന മറിയം, കാച്ചപ്പിള്ളി, അങ്കമാലി | വാണിജ്യം | 40/3586 | 70/6275 | പേജ് 78,79 | 2689 |
| 16 | XVI/J/74.63 | ,, | ,, | 40/3763 | 70/6582 | | 2819 |
| 17 | XVI/1/N /74.29 | ,, | ,, | 40/3745 | 70/6552 | | 2807 |
| 18 | XVI/1/O /74.29 | ,, | ,, | 40/3745 | 70/6552 | | 2807 |
| 19 | XVI/1/P /77.99 | ,, | ,, | 40/3932 | 70/6819 | | 2947 |
| 20 | XVI/1/Q /61.48 | ,, | ,, | 40/3100 | 70/5422 | | 2322 |
| 21 | XVI/1/R /61.48 | ,, | ,, | 40/3100 | 70/5422 | | 2322 |
| ആകെ കുറവ് | | | 30396 | | | | |

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4ാം ചട്ടം 1ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും വെവ്വേറെ വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും ഈ വിഷയം വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. മേൽ കെട്ടിടങ്ങൾക്ക് ആകെയുള്ള തറ വിസ്തീർണ്ണം 100 ച.മീ.ൽ കൂടുതലാണ്. കെട്ടിടത്തിന്റെ വിവരവും കണക്കാക്കിയ അടിസ്ഥാന വസ്തു നികുതി നിരക്കും ചുവടെ ചേർക്കുന്നു.

1. മേൽ പട്ടികയിൽ ഒരേ ഉടമസ്ഥന്റെ കെട്ടിടത്തിന് റൂമുകൾ തിരിച്ചാണ് കെട്ടിട നമ്പർ രേഖപ്പെടുത്തി നികുതി കണക്കാക്കിയിരിക്കുന്നത്.ആയത് നിലവിലുള്ള നിയമങ്ങൾക്കും,ചട്ടത്തിനും വിരുദ്ധമാണ്. മേൽ കടമുറികൾക്ക് 100 ച.മീറ്ററിന് മുകളിലുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ,ഷോപ്പുകൾ എന്ന ഇനത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തേണ്ടതായിരുന്നു.

ചെങ്ങമനാട് ഗ്രാമ പഞ്ചായത്തിലെ നികുതി നിർണ്ണയ പത്രിക പരിശോധിച്ചതിൽ 100 ച.മീ.ന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിരക്ക് 70/-രൂപയാണ്. നികുതി നിർണ്ണയത്തിലെ മേൽ അപാകത കാരണമായി ച.മീ.ന് 30/- രൂപ

വീതം കുറവുണ്ടായി. ഇപ്രകാരം നികുതി നിർണ്ണയത്തിൽ വന്ന കുറവ് തുകയായ 30396/-രൂപ കെട്ടിട ഉടമയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കുവാൻ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് 17-07-2018 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 4 ന് നൽകിയ മറുപടിയിൽ കക്ഷികളിൽ നിന്ന് തുക ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈയിനത്തിലുള്ള ആകെ നഷ്ടമായ 102432/- രൂപ (64176+7860+30396) ബന്ധപ്പെട്ട സ്ഥാപന ഉടമകളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

നികുതി നിർണ്ണയം സംബന്ധിച്ച വിവരങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധന നടത്തുകയോ അപാകതകൾ കണ്ടെത്തി പരിഹരിക്കുകയോ ചെയ്തിട്ടില്ല എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധനയിൽ നിന്നും വ്യക്തമായിട്ടുണ്ട്. ആയതിനാൽ വസ്തു നികുതി നിർണ്ണയത്തിലെ അപാകങ്ങൾ പരിഹരിക്കാൻ ധനകാര്യ സ്ററാൻറിംഗ് കമ്മിറ്റി മോണിട്ടറിംഗ് നടത്തേണ്ടതാണ്.

## 2-4 റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിൽ കുറവ്-നഷ്ടം 943020/-

27-5-2017ലെ 12/1ാം നം തീരുമാന പ്രകാരം പഞ്ചായത്ത് അതിർത്തിയിൽ 1550 മീറ്റർ നീളത്തിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് Reliance Jio Infocom Ltd എന്ന സ്ഥാപനത്തിൽ നിന്ന്, അസി. എഞ്ചിനീയറുടെ 18-5-2017 ലെ എസ്റ്റിമേറ്റ് പ്രകാരം, 1എം 2 ന് 1521 രൂപ നിരക്കിൽ 1414530 രൂപ ഈടാക്കിയിട്ടുണ്ട്. GO No.CE/R&B/GL/6682/06 Dtd.18-3-2013 of CE,PWD R&B. Tvm. എന്ന ഉത്തരവ് പ്രകാരമാണ് തുക ഈടാക്കിയിട്ടുള്ളത് എന്ന് തീരുമാനത്തിൽ പറയുന്നുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിൽ റിസ്റ്റൊറേഷൻ ചാർജ്ജ് കണക്കാക്കുന്നതിന് ട്രെഞ്ചിന്റെ റിസ്റ്റോറേഷൻ വീതി (width), എസ്കലേറ്റ് ചെയ്ത വീതിയുടെ 1.5 മടങ്ങ് ആയിരിക്കണമെന്നും, മിനിമം റിസ്റ്റോറേഷൻ വീതി 1 മീറ്ററിൽ നിജപ്പെടുത്തണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. 18-3-2013ലെ GO No. CE/R&B/GL/6682/06 പ്രകാരമുള്ള 1521/എം$^2$ നിരക്കാണ് ഈടാക്കിയതെങ്കിലും 1മീറ്റർ വീതിയിൽ നിജപ്പെടുത്തി ഈടാക്കേണ്ടിയിരുന്ന തുക താഴെ ചേർക്കുന്നു.

1550x1=1550 m$^2$

1521x 1550m$^2$= 2357550/ .ഈയിനത്തിൽ 943020/ രൂപ ( 2327550 – 1414530 = 943020) പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് 16-7-2018ൽ നൽകിയ16ാം നം ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ നഷ്ടമായ തുക ഈടാക്കാൻ നടപടി കൈക്കൊള്ളുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കൌൺസിൽ ആവശ്യപ്പെട്ടതു പ്രകാരം 1414530/- രൂപ കണക്കാക്കി നൽകിയത് അസി. എഞ്ചിനീയറാണ്. നഷ്ടമായ തുക റിലയൻസ് ഇൻഫോക്കോം എന്ന സ്ഥാപനത്തിൽ നിന്നോ അസി. എഞ്ചിനീയറിൽ നിന്നോ ഈടാക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-5 സ്ഥാപന തൊഴിൽ നികുതി പിരിച്ചിട്ടില്ല

2017-18 വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഓഡിറ്റോറിയങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സഞ്ചയ പ്രകാരം വിവിധ വാർഡുകളിൽ 18 ഓഡിറ്റോറിയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കെട്ടിട നമ്പർ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം. | കെട്ടിട നം. | ക്രമ നം | വാർഡ് നം. | കെട്ടിട നം. |
|---|---|---|---|---|---|
| 1 | 16 | 568-B | 7 | 18 | 342 |
| 2 | 18 | 342 | 11 | 8 | 18 |
| 3 | 16 | 433-A-20 | 12 | 13 | 99-A |
| 4 | 4 | 393 | 13 | 15 | 235-B |
| 5 | 6 | 446 | 14 | 15 | 350-A3 |
| 6 | 2 | 353 | 15 | 16 | 568-B |

മേൽ വിവരിച്ച ഓഡിറ്റോറിയങ്ങളിൽ നിന്നും സ്ഥാപനത്തിന്റെ തൊഴിൽ നികുതി പിരിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.12/13-07-2018 നൽകിയതിനുള്ള മറുപടിയിൽ ഓഡിറ്റോറിയങ്ങളിൽ നിന്നും സ്ഥാപനത്തിന്റെ തൊഴിൽ നികുതി പിരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

## 2-6 കരാറുകാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചിട്ടില്ല.

ചെങ്ങമനാട് ഗ്രാമ പഞ്ചായത്ത് പരിധിയിൽ വിവിധ വേലകൾ ചെയ്യുന്ന ഗവ. കരാറുകാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം15/16-07-2018 ന് ലഭ്യമാക്കിയ മറുപടിയിൽ 5 കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചതായി അറിയിച്ചിട്ടുണ്ട്.

| ക്രമ നം | കോൺട്രാക്ടറുടെ പേര് | ക്രമ നം | കോൺട്രാക്ടറുടെ പേര് |
|---|---|---|---|
| 1 | അബ്ദുൽ സലാം.എം.കെ.മടത്തോത്ത് | 6 | കെ.എം.ജോസഫ്,കുരാൻ |
| 2 | എ.എസ്.ഗോപാലകൃഷ്ണൻ,അമ്പാടത്ത് | 7 | എ.എം.ഷാനവാസ്,അലമാന |
| 3 | വിൽസൺ തോമസ് ,പാനികുളങ്ങര | 8 | എം.ഡി.അബ്രഹാം,മേപ്പത്തുമാലിൽ |
| 4 | മാർട്ടിൻ ചാക്കോ,പാറപ്പിള്ളി | 9 | എ.ജി.സുനിൽകുമാർ,അമ്പാടത്ത് |
| 5 | പി.എ.ദേവസ്സിക്കുട്ടി,പള്ളത്തുകുടി | 10 | ഒ.എം.നാസ്സർ,ഓലിക്കര |

മേൽ വിവരിച്ച കരാറുകാരിൽ നിന്നും 2017-18 വർഷം തൊഴിൽ നികുതി പിരിക്കാത്തതിനാൽ ഗ്രാമ പഞ്ചായത്തന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നതിന് മോണിറ്ററിംഗ് നടത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് വിവിധ സ്രോതസ്സുകളിൽ നിന്നും തൊഴിൽ നികുതി

പിരിക്കുന്നതിന് കാര്യക്ഷമമായ മോണിറ്ററിംഗ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടതാണ്.

## 2-7 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി പിരിക്കാത്തത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്ത് പരിധിയിൽ 2017-18 വർഷം 12 പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട് (സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ -പേജ് 28,29,30).

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഡോക്ടർമാരുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | പിരിച്ച ലൈസൻസ് തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | ശ്രീലയ ഡയഗനോസ്റ്റിക് സെന്റർ | | 2 | 200/11601105713/ 18-03-2017 | |
| 2 | ന്യൂ കരുണ ഹോസ്പിറ്റൽ | 2 | 1 | 200/ 11601105850/ 21-03-2017 | |
| 3 | ജ്യോതിസ് ക്ളിനിക്കൽ ലാബ്. | 1 | 1 | 200/- 11601105152/ 27-03-2017 | |
| 4 | ഇഫ്ഫാത്ത മൾട്ടി സ്പെഷ്യാലിറ്റി തെറാപ്പി ക്ളിനിക് | | 3 | 200/11601106228/ 28-03-17 | |
| 5 | വി.ഇ.ഡെന്റൽ ക്ളിനിക് | 1 | 3 | 200/117010100641- 8-5-17 | |
| 6 | കൊച്ചിൻ മെഡിക്കൽ ലബോറട്ടറി | | 1 | 200/117010101821- 24-07-17 | |
| 7 | മെഡിവിഷൻ | | 1 | 200/-117010102105 /9-8-17 | |
| 8 | ഐഡിയൽ ഹോമിയോപ്പതി | | 2 | 200/117010105959 /19-1-18 | |
| 9 | സ്പർശം മെഡിക്കൽ കെയർ | | 5 | 200/117010106055 /22-1-18 | |
| 10 | മെഡിപ്ളസ് ഡയഗ്നോസ്റ്റിക്സ് | | 3 | 200/117010104046 /27-11-2018 | |

1. മേൽ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി,ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ പിരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/13-07-2018 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ തൊഴിൽ നികുതി പിരിക്കുന്നത് കാര്യക്ഷമമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മോണിട്ടറിംഗ് നടത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എസ് സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ പദ്ധതി -അപാകതകൾ

. അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ എസ് സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ പ്രോജക്ട് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എസ് സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ |
| പ്രോജക്ട് നം | S076/18 |
| അടങ്കൽ | 2,36,000/- (എസ് സി പി) |
| ചെലവ് | 1,35,050/- |
| ബിൽ നമ്പർ/തുക തീയതി | 9/17-18 തുക135050/- 17.03.18 |

. അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ എസ് സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ എന്ന പ്രോജക്ടിൽ സൈക്കിൾ വിതരണം ചെയ്യുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ പങ്കെടുത്ത 2 സ്ഥാപനങ്ങളിൽ നിന്നും മുരളി സൈക്കിൾ മാർട്ട്, കരുനാഗപ്പിള്ളി എന്ന സ്ഥാപനത്തിൽ നിന്നുമാണ് 06.11.2017 ലെ 1/3 ാം നമ്പർ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സൈക്കിൾ വാങ്ങി വിതരണം ചെയ്തത്. ആൺകുട്ടികൾക്കായി ഹെർക്കുലീസ് (റോക്കി) ബോയ്സ് സൈക്കിൾ 3950/- രൂപ നിരക്കിൽ 19 എണ്ണവും പെൺകുട്ടികൾക്കായി ബി എസ് എ ലേഡി ബേഡ് ഷൈൻ ഗേൾസ് സൈക്കിൾ 4000/-രൂപ നിരക്കിൽ 15 എണ്ണവും ആണ് വാങ്ങി നൽകിയത്.എന്നാൽ ലഭിച്ച ക്വട്ടേഷനുകൾ പരിശോധിച്ചതിൽ മറ്റ് ബ്രാൻഡുകളിൽ ഉള്ള സൈക്കിൾ ISO,ISI സർട്ടിഫിക്കേഷനോട് കൂടിയവ ആൺകുട്ടികൾക്കായി ഉള്ളതിന് 3600/-രൂപയും പെൺകുട്ടികൾക്കായി ഉള്ളതിന് 3675/-രൂപ നിരക്കും രേഖപ്പെടുത്തിയിട്ടുണ്ട്. കുറഞ്ഞ നിരക്കിൽ ഉള്ള സൈക്കിൾ വാങ്ങാതെ മറ്റ് കാരണങ്ങളൊന്നും രേഖപ്പെടുത്താതെ ഉയർന്ന നിരക്കിലുള്ള സൈക്കിൾ വാങ്ങിയത് മൂലം പഞ്ചായത്തിന് താഴെപ്പറയും പ്രകാരം 11525/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

| | വാങ്ങിയ നിരക്ക്/എണ്ണം /ചെലവായ തുക | ലഭ്യമായിരുന്ന കുറഞ്ഞ നിരക്കിൽ വരുന്ന ചെലവ് തുക | അധികം വന്ന ചെലവ് |
|---|---|---|---|
| ആൺകുട്ടികളുടെ സൈക്കിൾ | 3950 x19 = 75050 | 3600 x 19 = 68400 | 6650 |
| പെൺകുട്ടികളുടെ സൈക്കിൾ | 4000 x 15 = 60000 | 3675 x 15 = 55125 | 4875 |
| ആകെ | 135050 | 123525 | 11525 |

. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് 11.07.2018 ൽ നൽകിയ 5ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് സമർപ്പിച്ച മറുപടിയിൽ ആയത് സാധൂകരിക്കുന്ന കമ്മിറ്റി

തീരുമാനം ഹാജരാക്കാമെന്നാണ് അറിയിച്ചിരിക്കുന്നത്. മറുപടി തൃപ്തികരമല്ലാത്തതിനാൽ കാരണം രേഖപ്പെടുത്താതെ കുറഞ്ഞ തുകയുള്ള സൈക്കിൾ ഒഴിവാക്കി ഉയർന്ന തുകയുള്ള ഉത്പന്നം വാങ്ങിയതുമൂലമുണ്ടായ നഷ്ടതുക 11525/-രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകൾ - അപാകതകൾ

13ാം പഞ്ചവത്സരപദ്ധതി സ്ററാററസ് റിപ്പോർട്ട് പ്രകാരം ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ ആകെ ഭൂവിസ്തൃതിയായ 1558 ഹെക്ടറിൽ കൃഷി യോഗ്യമായത് 1017ഹെക്ടറാണ്.നെൽകൃഷിയ്ക്ക് യോഗ്യമായ 60 ഹെക്ടറ് ഭൂമിയുണ്ട്.കൃഷി പ്രധാന വരുമാനമാർഗ്ഗമായ കർഷകരും കര്ഷകതൊഴിലാളികളുമായി ഉപജീവനം കഴിയുന്ന 3000ത്തോളം ആളുകളും പഞ്ചായത്തിലുണ്ട്.

ഭക്ഷ്യോത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി നെൽവിളയുടെ വിസ്തൃതിവർധനവ് സ്ററാററസ് റിപ്പോർട്ടിൽ ലക്ഷ്യമിടുന്നുണ്ട്.എന്നാൽ തരിശുഭൂമിയിൽ നെൽകൃഷിചെയ്യുന്നതിനുള്ള പ്രോജക്ടുകൾ ഒന്നും തന്നെ നടപ്പാക്കിയിട്ടില്ല.

20.04.2017 ലെ വികസനകാര്യസ്ററാന്ററിംഗ് കമ്മിററിയിൽ ഈ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന കപ്പ്റശ്ശേരി,പുതുവാശ്ശേരി പാടശേഖരങ്ങളിൽ മെയ് മാസത്തിൽ നെൽകൃഷി ഇറക്കി ഓണത്തിന് അരി തയ്യാറാക്കി ഉപയോഗിക്കുന്നതിനെകുറിച്ച് യോഗം ചർച്ചചെയ്തു.അരിയ്ക്കായി വിപണനകേന്ദ്രം തുടങ്ങുന്നതിനും ആയതിലേക്ക് പാടശേഖരസമിതികളെ ചുമതലപ്പെടുന്നതിനും തീരുമാനിച്ചു.എന്നാൽ ഈ തീരുമാനം നടപ്പിലാക്കിയതു സംബന്ധിച്ച കാര്യങ്ങൾ പിന്നീടുള്ള വികസന യോഗങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ല.

07.02.2018 ലെ വികസനകാര്യസ്ററാന്ററിംഗ് കമ്മിററിയിൽ കൃഷിഓഫീസർ നടപ്പിലാക്കുന്ന പല പ്രോജക്ടുകളിലും ഗുണഭോക്താക്കൾ കുറവായതു മൂലം പ്രോജക്ടുകളിൽ ഭേദഗതിവരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

അപ്രകാരം പച്ചക്കറി കൃഷി ടെറസ്സിലും മുററത്തും എന്ന പ്രോജക്ടിലും ഭേദഗതിവരുത്തി. ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് പോലെ കാർഷികപ്രധാനങ്ങളായ പഞ്ചായത്തുകൾ ചട്ടികളിലും ഗ്രോബാഗുകളിലും മററും കൃഷി എന്നതിനേക്കാൾ വ്യാപകമായ രീതിയിൽ നാട്ടിലെ മണ്ണിനും, ഭൂപ്രകൃതിയ്ക്കും ചേർന്ന സ്ഥലകൃഷികൾ, പ്രോത്സാഹിപ്പിക്കുന്നതാണ് അഭിലഷണീയം.

കൃഷിഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകൾ സംബന്ധിച്ച പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

A.

| | |
|---|---|
| പ്രോജക്ട് നം. | 164/17 |
| പ്രോജക്ട് പേര് | പച്ചക്കറി കൃഷി ടെറസിലും മുററത്തും |
| അടങ്കൽ | 49500 |
| ചെലവ് | 17500 |
| ട്രഷറി ബിൽ നം. | 16/2017-18-17-03-2018 |

സർക്കാർ ഉത്തരവ് (എം.എസ്.)നംപർ 80/17 തസഭവ,03.04.17പ്രകാരം 1.കൃഷിവകുപ്പിൽ നിന്നും മൺചട്ടി/ ഗ്രോബാഗ് എന്നിവ ലഭിച്ചവർക്ക് വീണ്ടും അതേ ആനുകൂല്യം അനുവദിക്കാൻ

പാടില്ല.

2. വിതരണം ചെയ്യുന്നത് ചട്ടികളാണെങ്കിൽ അവ കുടുംബശ്രീ യൂണിറ്റുകൾ കർഷകഗ്രൂപ്പുകൾ നിർമ്മിക്കുന്ന 10ഇഞ്ച് വലിപ്പത്തിനുള്ള ചട്ടികൾ ആണെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തണം.

കൃഷി ഓഫീസർ പദ്ധതിനടപ്പിലാക്കിയപ്പോൾ കൃഷിവകുപ്പിൽ നിന്നും ചട്ടികൾ/ഗ്രോബാഗ് ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം വാങ്ങിയിട്ടില്ല.മാത്രമല്ല വിതരണം ചെയ്തവ 10 ഇഞ്ച് വലിപ്പത്തിനുള്ള ചട്ടികൾ ആണെന്ന സെക്രട്ടറിയുടെ സാക്ഷ്യപത്രവും വാങ്ങിയിട്ടില്ല.

ഈ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയവർ എല്ലാവരും വിതരണ രജിസ്റ്ററിൽ ഒപ്പിട്ടതായും കാണുന്നില്ല. സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിച്ചിട്ടില്ലാത്തതിനാൽ ഈ പദ്ധതിയിൽ ചെലവഴിച്ച 17500രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

B.

| | |
|---|---|
| പ്രോജക്ട് നം. | 119/17<br>(പൊതു വിഭാഗം) |
| പ്രോജക്ട് പേര് | നെൽകൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി |
| അടങ്കൽ | 608000 |
| ചെലവ് | 448000 |
| ട്രഷറി ബിൽ നം. | 2/2017-18-17-03-2018 |

സർക്കാർ ഉത്തരവ് (എം.എസ്.) നംപർ 80/17 തസഭവ, 03.04.17പ്രകാരം ഒരു കർഷകന് അനുവദിക്കാവുന്ന പരമാവധി തുക 30000/- രൂപയാണ്. എന്നാൽ ചുവടെ ചേർക്കുന്ന കർഷകർക്ക് കൂടുതൽ തുക അനുവദിച്ചു കാണുന്നു.

പേര്- അനുവദിച്ച തുക

1.കെ എ സലീം,കല്ലറക്കത്ത് ഹൗസ്,ചെങ്ങമനാട് -31756/-

2.കെ എ സ് അലിയാർ-30260/-

അധികം നല്കിയതുക 1756+260=2016രൂപ ഓഡിററിൽ അംഗീകരിയ്ക്കുന്നില്ല.ഇത് സംബന്ധിച്ച 10-7-18ൽനൽകിയ 2ാം നം ഓഡിറ്റ് എൻക്വയറിക്ക് നഷ്ടമായ തുക തിരികെ അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-3 ആദായനികുതി ഈടാക്കിയില്ല

ചെങ്ങമനാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വിവിധ കേസുകൾ കൈകാര്യം ചെയ്യുതിന് അഡ്വ. അനിൽ കെ മുഹമ്മദിന് 2017-18 വർഷം വക്കീൽ ഫീസ് ഇനത്തിൽ താഴെ പറയും പ്രകാരം 31000/- രൂപ നൽകിയിട്ടുണ്ട്. ക്രമ നമ്പർ

| | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 127/02/18 | 27.02.18 | 15000 |
| 2 | 13/09/17 | 11-09-17 | 16000 |
| ആകെ | | | 31000 |

1961 ലെ ആദായനികുതി നിയമം 194 (ജെ) വകുപ്പ് പ്രകാരം പ്രൊഫഷണൽ സേവനങ്ങൾക്കുള്ള പ്രതിഫലമായി ഒരു വർഷം 30000 രൂപയിൽ അധികരിക്കുന്ന തുക

നൽകുമ്പോൾ ആദായനികുതിയിനത്തിൽ 10% തുക സ്രോതസ്സിൽ കുറവ് ചെയ്ത് സർക്കാരിലേക്ക് ഒടുക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഓഡിററ് എൻക്വയറി 21 ന നല്കിയ മറുപടിയിൽ ഓഡിററ് അന്വേഷണത്തിനെ തുടർന്ന് 18.07.18 ൽ രശീതുനം.118010102652 പ്രകാരം 3100 രൂപ അടച്ചതായി അറിയിച്ചു.പ്രസ്തുത തുക സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-4 മരാമത്ത് പ്രവൃത്തികൾ-പൊതുപരാമർശങ്ങൾ

1. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ ഏതാണ്ട് എൺപതോളം പ്രവൃത്തികളാണ് 2017-18വർഷം ടെണ്ടർ ചെയ്തിട്ടുള്ളത്. അതിൽ ഈ-ടെണ്ടർ മുഖേന നടപ്പാക്കിയ 4 എണ്ണം ഒഴികെയുള്ള മുഴവൻ പ്രവൃത്തികളിലും രണ്ട് ടെണ്ടർ വീതമാണ് ലഭിച്ചിട്ടുള്ളത്. അതിലൊന്ന് എസ്റ്റിമേറ്റ് നിരക്കിലുള്ളതും മറ്റൊന്ന് മിക്കവാറും അധികനിരക്കുള്ളതുമായിരിക്കും.1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 11 (i), (ii), (iii) പ്രകാരം, ലഭിച്ച ടെണ്ടറുകളിലെ നിരക്കുകളിലെ നിരക്കുകൾ സ്വീകാര്യമല്ലെന്ന് തോന്നുന്ന സാഹചര്യത്തിലോ ന്യായമായ എണ്ണം ടെണ്ടറുകൾ ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിലോ പണി റീടെണ്ടർ ചെയ്യേണ്ടതാണ്. റീ ടെണ്ടറിൽ ലഭിച്ച ടെണ്ടറുകളിലെ നിരക്കും സ്വീകാര്യമല്ലെന്ന് കാണുകയാണെങ്കിൽ ഏറ്റവും കുറഞ്ഞ നിരക്കുള്ള ടെണ്ടർ സമർപ്പിച്ച കരാറുകാരനുമായി പഞ്ചായത്തിന്റെ അംഗീകാരത്തോടെ നെഗോഷ്യേറ്റ് ചെയ്യാവുന്നതും അപ്രകാരം ലഭിക്കുന്ന ഓഫർ ചില വ്യവസ്ഥയ്ക്ക് വിധേയമായി സ്വീകരിക്കാവുന്നതുമാണ്.

എന്നാൽ, ഒരു പ്രവൃത്തിയിൽ പോലും മൽസരാധിഷ്ഠിത ടെണ്ടർ ലഭിച്ചുവെന്ന് ഉറപ്പാക്കാൻ കഴിയാത്ത എൺപതോളം ടെണ്ടർ നടത്തിയിട്ടും മേൽപ്പറഞ്ഞപ്രകാരമുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഒരു പ്രവൃത്തി പോലും റീടെണ്ടർ ചെയ്തിട്ടുള്ളതായി കാണുന്നില്ല. 15 രജിസ്റ്റേഡ് കോൺട്രാക്ടമാരാണ് പഞ്ചായത്തിലുള്ളത്. ഇ-ടെണ്ടറിലൊഴികെ മറ്റ് പ്രവൃത്തികളിലൊന്നും 2 പേരിൽ കൂടുതൽ പങ്കെടുത്തിട്ടില്ല.

ഈ ടെണ്ടർ ചെയ്തതൊഴികെയുള്ള ടെണ്ടർ പോലും എസ്റ്റിമേറ്റിൽ കുറഞ്ഞ നിരക്കിൽ പോയിട്ടില്ല. ഈ ടെണ്ടർ ചെയ്ത പ്രവൃത്തികളാകട്ടെ 19.41% വരെ കുറവിൽ ചെയതിട്ടുമുണ്ട്. 495000 വരുന്ന അടങ്കലുമാണ് മിക്കവാറും പ്രവൃത്തികളുടേത്. 5 ലക്ഷത്തിൽ താഴെയുള്ള അടങ്കലുകൾ ഇത്തരത്തിൽ ഇ-ടെണ്ടറിൽ നിന്നും ഒഴിവാക്കുന്നു. മത്സരാധിഷ്ഠിതരായ ടെണ്ടർ നടപടികളിലേക്ക് പോകുന്ന വിധത്തിൽ പദ്ധതികൾ തയ്യാറാക്കാൻ ശ്രമിക്കേണ്ടതാണ്.

2. മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ നടപടികളടക്കമുള്ള നടപടികൾ സ്വീകരിച്ചശേഷം പ്രവൃത്തികൾ ഉപേക്ഷിക്കുന്നതായി കാണുന്നു. സ്ഥലവാസികളുടെ എതിർപ്പ് മൂലമാണ് പ്രവൃത്തികൾഉപേക്ഷിക്കുന്നത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നല്കിയത്. എന്നാൽ വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ഈ വിഷയം പരിഗണിച്ചത് 23.02.18 ൽ മാത്രമാണ്. ഇപ്രകാരം ഉപേക്ഷിച്ചപ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു

a.project.no 112/18-തേരാട്ടിക്കുന്ന് മനപറംപ്റോഡ്

b.project.no 131/18-കല്ലിൽ റോഡ്

c.project.no 148/18-വാരിക്കാട്ട് റോഡ് .

. പ്രവൃത്തികൾ തെരഞ്ഞെടുക്കുന്നതിലും നടപ്പിൽ വരുത്തുന്നതിലും വികസന കാര്യസ്റ്റാൻഡിംഗ്കമ്മിററിയുടെ കൂടുതൽ ശ്രദ്ധ പതിയേണ്ടതുണ്ട്. സാമ്പത്തിക വർഷാവസാനം തിരക്കിട്ട് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നത്, പ്രവർത്തികളുടെ ഗുണനിലവാരത്തെ ബാധിക്കും.പദ്ധതികൾ ഗ്രാമസഭ വഴി തീരുമാനിക്കുന്ന എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-5 കറവപ്പശു സബ്സിഡി - ഗുണഭോക്തൃ ലിസ്റ്റിലെ ക്രമം പാലിച്ചിട്ടില്ല.

.

| | |
|---|---|
| പ്രോജക്ട് നം. | S0087/17-18 |
| പ്രോജക്ട് പേര് | കറവപ്പശു സബ്സിഡി |
| അടങ്കൽ | 450000 |
| ചെലവ് | 60000( പ്ളാൻ ഫണ്ട്) |
| ബിൽ നം./ചെക്ക് നം. | ബിൽ നം. 8/17-18 |
| നിർവ്വഹണം | വെറ്റിനറി സർജൻ. |

. 2017-18 വർഷം വെറ്റിനറി സർജൻ നടപ്പാക്കിയ കറവപ്പശു സബ്സിഡി പദ്ധതി പ്രകാരം 2 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കിയതുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളെ തെഞ്ഞെടുത്തപ്പോൾ ഗുണഭോക്തൃലിസ്ററിലെ ക്രമം പാലിച്ചിട്ടില്ല.ഇതു സംബന്ധിച്ച് നൽകിയ 20ാം നം ഓഡിറ്റ് എൻക്വയറിക്ക് (16-7-18)നൽകിയ മറുപടിയിൽ ഗുണഭോക്താക്കൾ അറിയിപ്പ് നൽകിയിട്ടും വന്നില്ല എന്നാണ് വിശദീകരിച്ചിരിക്കുന്നത്.
. ഗുണഭോക്തൃലിസ്ററുപ്രകാരം നടപ്പാക്കാതെ ക്രമം തെററിച്ച് ആനുകൂല്യം അനുവദിച്ചപ്പോൾ ആനുകൂല്യംനല്കാതിരുന്ന ഗുണഭോക്താക്കളുടെ സമ്മതപത്രം വാങ്ങി യിട്ടില്ല.വികസനകാര്യ സ്ററാൻ്ററിംഗ് കമ്മിററി 11.12.2017ൽ ഈ വിഷയം പരിഗണിച്ചതായി കാണുന്നു. (തീരുമാനം.8). എന്നാൽ ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

.

## 3-6 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - തുക തടസ്സപ്പെടുത്തുന്നു.

.

| | |
|---|---|
| പ്രോജക്ട് നം. | S0059/17-18 |
| പ്രോജക്ട് പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | 1250000 |
| ചെലവ് | 300000( പ്ളാൻ ഫണ്ട്) |
| ബിൽ നം./ചെക്ക് നം. | ബിൽ നം. 9/17-18 |
| നിർവ്വഹണം | വെറ്റിനറി സർജൻ. |

. 2017-18 വർഷം വെറ്റിനറി സർജൻ നടപ്പാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം 24 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ജി.ഒ. (എം.എസ്.) 80/2017 തസ്വഭവ 03-04-2017 പ്രകാരമുള്ള 13 പദ്ധതി മാർഗ്ഗരേഖ പ്രകാരം കന്നുകുട്ടി

പരിപാലനത്തിനായി പരമാവധി അനുവദിക്കാവുന്ന സംസ്ഥാനാവിഷ്കൃത വിഹിതം 25%തദ്ദേശസ്വയംഭരണ വിഹിതം 25% ഗുണഭോക്തൃവിഹിതം 50% രൂപയാണ്. എന്നാൽ പഞ്ചായത്ത് നല്കേണ്ട ഈ പ്രോജക്ട് നടപ്പാക്കിയപ്പോൾ വകുപ്പിൽനിന്നും ലഭിയ്ക്കേണ്ടതായ വിഹിതം ലഭ്യമാക്കിയിട്ടില്ല.പകരം പ്ലാൻഫണ്ടിൽനിന്നും തുക വകയിരുത്തുകയാണ് ചെയ്തിട്ടുള്ളത്. വകുപ്പിൽനിന്നും ലഭിയ്ക്കേണ്ടതായ വിഹിതം ലഭ്യമല്ല എന്ന പ്രോജക്ട് ഓഫീസറുടെ സാക്ഷ്യപത്രം ലഭ്യമാക്കാതെ പ്ളാൻ ഫണ്ട് മാത്രം ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കി. വികസനകാര്യ സ്ററാന്റിംഗ് കമ്മിററി ഈ വിഷയം പരിഗണിച്ചതായി കാണുന്നില്ല.പ്രോജക്ട് ഓഫീസറുടെ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി അധിക ചെലവുതുക 150000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-7 സ്കൂൾ കുട്ടികൾക്ക് യോഗ- പ്രോജക്ട് നടപ്പിലാക്കിയില്ല.

വിദ്യാർത്ഥികളുടെ കായിക/മാനസിക വളർച്ച ലക്ഷ്യമിട്ട പ്രോജക്ട് നം - 253/18,സ്കൂൾ കുട്ടികൾക്ക് യോഗ എന്ന 60000രൂപ അടങ്കലുള്ള പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല.സ്വകാര്യ സ്കൂളുകളിൽ ലഭ്യമായ ഇത്തരം സൗകര്യങ്ങൾ, സർക്കാർ സ്കൂളുകളിലെ സാധാരണക്കാരായ വിദ്യാർത്ഥികൾക്കും ലഭ്യമാക്കി, സർക്കാർ സ്കൂളുകളിലെ നിലവാരം മെച്ചപ്പെടുത്താനും, സർക്കാർ സ്കൂളുകൾ ആകർഷകമാക്കാനും ഉപകരിക്കുന്ന ഇത്തരം നൂതന പദ്ധതികൾ നടപ്പിലാക്കാൻ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റികൾ മുൻകൈ എടുക്കേണ്ടതാണ്. പ്രോജക്ട് നടപ്പിലാക്കാതിരുന്നത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.18 തീയതി 16.07.2018 ) നിർവ്വഹണോദ്യോഗസ്ഥയായ എച്.എം നല്കിയ വിശദീകരണത്തിൽ പ്രോജക്ട് നിർവ്വഹണ നടപടികൾ മാർച്ച മാസത്തിലേയ്ക്ക് കടന്നതിനാൽ മതിയായ സമയം ലഭിച്ചില്ല എന്ന് കാണാം. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 08.08.2017 ലെ യോഗത്തിലാണ് പ്രോജക്ട് ഉൾപ്പെടുത്തിയത്. പ്രോജക്ട് നിർവ്വഹണത്തിന് മതിയായ മുന്നൊരുക്കം, ഗുണഭോക്താക്കൾക്ക് പ്രയോജനപ്രദമായ രീതിയിലുള്ള നിർവ്വഹണം എന്നീ കാര്യങ്ങളിൽ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യഥാസമയത്തെ ഇടപെടലുണ്ടാകേണ്ടതും, മോണിറ്ററിംഗ് നടത്തി ഫണ്ട് വിനിയോഗം നല്ല രീതിയിൽ നടപ്പാക്കാൻ ശ്രമിക്കേണ്ടതുമാണ്.

.

## 3-8 ദുരിതാശ്വാസ നിധി കാര്യക്ഷമമല്ല

2017-18 വർഷത്തെ ദുരിതാശ്വാസ നിധി സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ചെങ്ങമനാട് ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന് കണ്ടു. ദുരിതാശ്വാസ നിധിക്ക് വേണ്ടി SBIൽ അക്കൗണ്ട് പരിപാലിച്ച് വരുന്നുണ്ട്. ഈ വർഷം ദുരിതാശ്വാസ നിധിയിലേക്ക് ആകെ 1570/- രൂപയാണ് ലഭിച്ചത്. ആയതാകട്ടെ പലിശയും തൻ വർഷം വരവൊ ചെലവൊ ഇല്ലാത്ത ഈ അക്കൗണ്ടിൽ 31-03-2018 ൽ ആകെ 23061രൂപയാണ് നീക്കിയിരിപ്പായി ഉള്ളത്. ഓഡിറ്റ് വർഷം ദുരിതാശ്വാസ നിധിയിൽ നിന്നും യാതൊരുവിധ ആനുകൂല്യവും അനുവദിച്ചിട്ടില്ല. ദുരിതാശ്വാസ നിധി യുടെ സബ് കമ്മിറ്റി 2017-18ൽ യോഗം ചേരുകയൊ ആയത് വിലയിരുത്തുകയോ ചെയ്തിട്ടില്ല. ചെങ്ങമനാട് ഗ്രാമപഞ്ചായത്തിലെ പല കോളനി പ്രദേശങ്ങളും വെള്ളക്കെട്ട് മൂലമുള്ള കെടുതികളിലാണ്. ദുരിതാശ്വാസ നിധി ആനുകൂല്യം

ആവശ്യമായ ഇത്തരം സാഹചര്യങ്ങളിലേക്ക് ഒരു മുൻകരുതൽ തീർത്തും ആവശ്യമാണ്. 2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി രൂപീകരിച്ച് പ്രവർത്തിക്കേണ്ട ദുരിതാശ്വാസ നിധി കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സെക്രട്ടറിയും ഭരണ സമിതിയും കൈക്കൊള്ളേണ്ടതാണ്.

## 3-9 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -അസസ്സ്മെന്റിൽ ചേർത്തിട്ടില്ല

.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| പ്രോജക്ട് നം | SO075/18 |
| അടങ്കൽ | 600071/- (എസ് സി പി) |
| ചെലവ് | 600000/- |
| ബിൽ നമ്പർ/തുക തീയതി | 01/17-18 തുക 200000/- തീയതി 30.06.17<br>03/17-18 തുക150000/- തീയതി 12.07.17<br>04/17-18 തുക150000/- തീയതി 12.08.17<br>08/17.18 തുക100000/- തീയതി 14.03.18 |
| ആകെ | 6,00,000/- |

.അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിൽ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയതിന് താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര് | വീട്ട് നമ്പർ | നൽകിയ തുക |
|---|---|---|
| ഓമൽ പേങ്ങൻ | IX 459 | 50,000/- |
| ശിവൻ & ചന്ദ്രിക | X 156 | 50,000/- |
| ഷിജു S/oവേലു | V 89 | 50,000/- |
| രമാദേവി | V 23 | 50,000/- |
| അമ്മിണി | II 82 | 50,000/- |
| എ കെ തങ്കപ്പൻ | V 288 | 1,00,000/- |
| ഷൈലജ | XV 65 | 1,00,000/- |
| സി പി അയ്യപ്പൻ | XVI III | 50,000/- |
| ആശാലത | XIV 83 G | 1,00,000/- |

. മേൽ കെട്ടിടങ്ങളുടെ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഇത്തരം കൂട്ടിച്ചേർക്കൽ

നടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾക്കനുസൃതമായാണോ നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് 11.07.2018 ൽ 6ാം നമ്പർ ആയി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിവരങ്ങൾ അസസ്സ്മെന്റ് രജിസ്റ്ററിൽ ചേർക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയത് അസസ്സ്മെന്റിൽ ചേർത്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

.

## 3-10 പൊതുസ്ഥലങ്ങളിൽ പുറന്തള്ളുന്ന മാലിന്യം നീക്കം ചെയ്യൽ പദ്ധതി

.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പൊതു സ്ഥലങ്ങളിൽ പുറന്തള്ളുന്ന മാലിന്യം നീക്കം ചെയ്യൽ |
| പ്രോജക്ട് നം | SO219/18 |
| അടങ്കൽ | 4,60,000/- (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 3,50,780/- |
| നിർവ്വഹണം | സെക്രട്ടറി |
| ബിൽ നമ്പർ/തുക തീയതി ചെക്ക് നം./വൌച്ചർ നമ്പർ | 12/17-18 തുക1,75,600/- തീയതി 24.10.17<br>465748 തുക84,400/- തീയതി 12.10.17<br>912661 തുക74100/- തീയതി 31.03.18<br>21700 തുക5000/- തീയതി 06.07.2017<br>21700275 തുക5600/- തീയതി 06.07.2017<br>21700276 തുക 5000/- തീയതി 06.07.2017<br>21700277 തുക1080/- തീയതി 06.07.2017 |
| ആകെ | 350780/- |

. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക്, ചില്ല്, ലെതർ, തെർമോകോൾ, ഇ-വേസ്റ്റ് , ബാഗ്.ചെരുപ്പ് ഉൾപ്പെടെയുള്ള അജൈവ പാഴ് വസ്തുക്കൾ നീക്കം ചെയ്യുന്നതിന് നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ് , കോഴിക്കോട് എന്ന സ്ഥാപനത്തിനാണ് 25m3 ൽ കുറയാത്ത ഒരു ലോഡിന് 25,000/- രൂപ എന്ന നിരക്കിൽ പഞ്ചായത്ത് കരാർ നൽകിയിരിക്കുന്നത്. പഞ്ചായത്ത് കമ്മിറ്റിയുടെ 22.03.2018 ലെ 1/15 നമ്പർ തീരുമാനപ്രകാരം അജൈവ മാലിന്യങ്ങൾ ശേഖരിച്ചത് മെമ്പർമാരുടെ നേതൃത്വത്തിൽ വാടകയ്ക്ക് എടുത്ത വാഹനങ്ങളിൽ കയറ്റി പഞ്ചായത്തിന്റെ പൊതുസ്ഥലമായ പറമ്പയത്തുള്ള ഭൂമിയിൽ എത്തിച്ചതിന് വാഹന വാടകയും കൂലിച്ചെലവും നൽകുവാൻ തീരുമാനിച്ചു. വേസ്റ്റ് മാനേജ്മെന്റ് റൂൾസ് ബൈലോ പ്രകാരമുള്ള മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ സംവിധാനം നാളിതുവരെ പഞ്ചായത്തിൽ ഒരുങ്ങിയിട്ടില്ല. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ തുടങ്ങുന്നതിന് കണ്ടെത്തിയ സ്ഥലം ചില തർക്കങ്ങൾ നിലനിൽക്കുന്നതിനാൽ തുടങ്ങുന്നതിന് സാധിച്ചിട്ടില്ല എന്നാണ് കമ്മിറ്റിയുടെ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മാലിന്യ സംസ്കരണം

പൊതു ആവശ്യമായതിനാൽ യൂസർ ഫീ ഈടാക്കാതെ തന്നെ വാഹന വാടക, കൂലിച്ചെലവ് എന്നിവ നൽകുന്നതിന് തീരുമാനിച്ചു.
മാലിന്യം ശേഖരണം നടത്തിയതിന് താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

.

| വാർഡ് നം. | വാഹന നമ്പർ | നൽകിയ തുക |
|---|---|---|
| 17 | രേഖപ്പെടുത്തിയിട്ടില്ല | 3500 |
| 15 | രേഖപ്പെടുത്തിയിട്ടില്ല | 7000 |
| 14 | KL 41 2810 | 5000 |
| 9 | രേഖപ്പെടുത്തിയിട്ടില്ല | 3500 |
| 7 | KL 01 D 8634 | 5000 |
| 1,4,8 | രേഖപ്പെടുത്തിയിട്ടില്ല | 6200 |
| 6 | രേഖപ്പെടുത്തിയിട്ടില്ല | 1700 |
| 1,4,3,18 | KL 7 BR 4380 | 6500 |
| 11 | രേഖപ്പെടുത്തിയിട്ടില്ല | 1400 |
| 3,18,1 | KL 41 E 7163<br>KL 32 D 532 | 9800 |
| 16 | KL 60 E 639 | 4500 |
| 5 | KL 41 C 4763 | 4500 |
| 13 | KL 7 AX 47 | 10500 |
| 8 | രേഖപ്പെടുത്തിയിട്ടില്ല | 5000 |
| ആകെ | | 74100 |

ഏഴ് വാർഡുകളിൽ ഏത് വാഹനം ഉപയോഗിച്ചാണ് മാലിന്യം എത്തിച്ചതെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഒരു വാഹനത്തിന്റെയും ട്രിപ്പ് ഷീറ്റ് ഫയലിൽ ലഭ്യമല്ല. KL 41 2810, KL 60 E 639, KL 7 AX 47 എന്നീ വാഹനങ്ങൾ കേരള മോട്ടർ വാഹന വകുപ്പിലെ രജിസ്ട്രേഷൻ രേഖകൾ പ്രകാരം മോട്ടോർ സൈക്കിളുകൾ ആണ് എന്നും ആയതിന് വിശദീകരണം നൽകേണ്ടതാണ് എന്നും ആവശ്യപ്പെട്ട് നൽകിയ 13.07.2018 ലെ 13ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ വാഹനങ്ങളുടെ നമ്പർ രേഖപ്പെടുത്തിയതിൽ വന്ന പിശകാണെന്ന് വിശദീകരിച്ചിട്ടുണ്ട്. പദ്ധതികൾ നടപ്പാക്കുമ്പോൾ ശരിയായ മോണിറ്ററിംഗ് നടത്താത്തതിനാലാണ് ഇത്തരം അപാകതകൾ സംഭവിക്കുന്നത്. മേൽ അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-11 അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ

പഞ്ചായത്തിൽ ആകെയുള്ള 28 അങ്കണവാടികളിൽ 7 എണ്ണം വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. വാർഡ് 2 കളവൻകുന്ന് (നം.77), വാർഡ് 13 കിഴക്കേദേശം (നം.93) എന്നീ കെട്ടിടങ്ങൾ തികച്ചും ശോചനീയാവസ്ഥയിലാണ്. ഈ രണ്ട് അങ്കണവാടികൾക്കും സൗകര്യവും,

സുരക്ഷയുമുള്ള കെട്ടിടങ്ങൾ കണ്ടെത്താനുള്ള നടപടികൾ കൈക്കൊള്ളാൻ ക്ഷേമകാര്യ സമിതി ശ്രദ്ധിക്കേണ്ടതാണ്.അങ്കണവാടി നം 88ന്(വാർഡ് 9)സ്ഥലം വാങ്ങുന്നതിനായി ബ്ളോക്ക് ഷെയർ ലഭിച്ചിട്ടുണ്ടെങ്കിലും ബാക്കി ഫണ്ട് കണ്ടെത്തി,തുടർ നടപടികൾ കൈക്കൊണ്ടിട്ടില്ല.അങ്കണവാടികളുടെ കേന്ദ്ര വിഹിതമായി തൻവർഷം 793425/- രൂപ ലഭിച്ചെങ്കിലും 439431/-രൂപ മാത്രമാണ് ചെലവഴിച്ചത്.ബാലൻസ് ഷീറ്റ് പ്രകാരം ഈയിനത്തിൽ 1395704/-രൂപ അവശേഷിക്കുന്നുണ്ട്.സർക്കാർ ഉത്തരവ് നം 39033/ഡിസി2 /2010.തിയതി.തസ്വഭവ. 3.9.10 പ്രകാരം പൂരകപോഷകാഹാര പദ്ധതിയിൽ ശേഷിക്കുന്ന തുക അങ്കണവാടികൾക്ക് സ്ഥലം വാങ്ങുക, കെട്ടിടം പണിയുക, ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുക, കളിക്കോപ്പുകൾ വാങ്ങുക എന്നീ കാര്യങ്ങൾക്കായി ഉപയോഗിക്കാമെന്ന് വ്യക്തമാക്കുന്നു. എന്നാൽ ചെങ്ങമനാട് പഞ്ചായത്തിൽ ഈയിനത്തിലെ നീക്കിയിരിപ്പ് തുക നിഷ്ക്രിയമായി അവശേഷിക്കുന്നു. ബാലസൗഹൃദ പഞ്ചായത്ത് എന്ന പദവിയുള്ള ചെങ്ങമനാട് പഞ്ചായത്തിൽ അങ്കണവാടികളുടെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്താനും, സുരക്ഷ ഉറപ്പാക്കാനും ഭരണസമിതിയും, ക്ഷേമകാര്യ സമിതിയും ശ്രദ്ധിക്കേണ്ടതാണ്.

.

## 3-12 വിദ്യാഭ്യാസ മേഖലയിലെ പ്രോജക്ടുകൾ വികസന ലക്ഷ്യത്തിൽ എത്തുന്നില്ല.

2017-18ൽ 1300127 രൂപ ചെലവഴിച്ച് വിദ്യഭ്യാസ മേഖലയിലെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 440400 രൂപ ചെലവഴിച്ച സ്മാർട്ട് ക്ളാസ്സ് റൂം എന്ന പ്രോജക്ട് മാത്രമാണ് വികസന ലക്ഷ്യങ്ങളോട് ചേർന്നുനില്ക്കുന്നത്. സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ, പശ്ചാത്തല സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്താൻ ആവിഷ്കരിച്ച പദ്ധതികൾ പോലും നടപ്പിലാക്കിയില്ല. ഉദാ. 249/18 സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ, 40/18 സ്കൂളുകൾ/അങ്കണവാടികൾ കിണർ ശുചീകരണം. കുട്ടികൾക്ക് കളിസ്ഥലം, കളിക്കോപ്പുകൾ, യാത്രാസൗകര്യം, ഓഡിറ്റോറിയം, പാചകപുര ആധുനീകരിക്കൽ, ഇന്റർനെറ്റ് സൗകര്യം തുടങ്ങിയ നിരവധി ലക്ഷ്യങ്ങൾ കൈവരിക്കാൻ സ്ററാറ്റസ് റിപ്പോർട്ട് ആവശ്യപ്പെടുമ്പോഴും, വൈവിധ്യമില്ലാത്ത പദ്ധതികൾ കഴിഞ്ഞ മൂന്ന് വർഷങ്ങളായി ആവർത്തിച്ചുകൊണ്ടിരിക്കുന്നു. വികസന ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് പൊതു വിദ്യാലയങ്ങൾ മെച്ചപ്പെട്ട ഭൗതികസൗകര്യങ്ങളോടെ ഗുണനിലവാരം ഉയർത്താൻ ഭരണസമിതിയോടൊപ്പം, വികസന സമിതിയും, നിർവ്വഹണോദ്യോഗസ്ഥരും , അധ്യാപകരും ശ്രമിക്കേണ്ടതാണ്.

## 3-13 ജലനിധി ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി- നടപ്പാക്കുന്നതിൽ കാലതാമസം

കേരള സർക്കാരിന്റെ നേതൃത്വത്തിൽ കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതിയായ ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന നെടുമ്പാശ്ശേരി മൾട്ടി

ഗ്രാമപഞ്ചായത്ത് സ്കീമിൽ നിന്നും കുടിവെള്ളം ബൾക്കായി വാങ്ങി ഗാർഹികകണക്ഷൻ ഉൾപ്പെടെയുള്ള വിതരണശ്രുംഖല സ്ഥാപിച്ച് ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളുടെ വീടുകളിലേക്ക് പൈപ്പിലൂടെ വിതരണം ചെയ്യുന്നതിന് വേണ്ടി വരുന്ന ആകെ ചെലവിന്റെ 15% തുക ഗ്രാമപഞ്ചായത്ത് വിഹിതമായി എടുക്കുന്നതിന് 10.01.2018ലെ 36/1ാം നമ്പർ പ്രകാരം തീരുമാനിച്ചു. ഇതനുസരിച്ച് പ്രോജക്ട് പ്രകാരം 2015-16ൽ 10 ലക്ഷം രൂപ ആലുവ എസ്.ബി.റ്റിയിൽ 29.03.2017 ൽ നിക്ഷേപിച്ചിട്ടുണ്ട് (പ്രോജക്ട് നമ്പർ SO 164/17). ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടറുടെ 24-11-16 ലെ കത്ത് പ്രകാരം പദ്ധതി ചെലവ് താഴെ ചേർക്കുന്നു.

പദ്ധതി അടങ്കൽ- 175136150.00

സർക്കാർ വിഹിതം (75%) - 131352112.00

ഗ്രാമപഞ്ചായത്ത് വിഹിതം(15%) - 26270422.00

ഗുണഭോക്തൃവിഹിതം (10%) - 17513615.00

. ഗ്രാമപഞ്ചായത്ത് വിഹിതമായ 15% ത്തിന്റെ ആദ്യ ഗഡുവാണ് ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ളത്. എന്നാൽ ജലനിധി ആവശ്യപ്പെട്ട പ്രകാരം പദ്ധതിക്കായി ജലസംഭരണി സ്ഥാപിക്കാനുള്ള സ്ഥലം കണ്ടെത്തി കൈമാറാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. കണ്ടെത്തിയ സ്ഥലം റിലിംക്വിഷ് ചെയ്ത് നൽകാൻ കേരള ജല അതോറിട്ടി എക്സിക്യൂട്ടീവ് എഞ്ചിനിയർ 13.12.2017, 12.06.2017, 14.05.2017, 20.06.2018 എന്നീ തീയതികളിൽ കത്തുകൾ അയച്ചിട്ടുണ്ടെങ്കിലും സ്ഥലം കണ്ടെത്തി കൈമാറാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.10.01.2018 ലെ 36/01ാം നമ്പർ തീരുമാനപ്രകാരം ചെങ്ങമനാട് വില്ലേജ് ബ്ലോക്ക് നമ്പർ 8, പുതിയ സർവ്വേ നമ്പർ 19/9ൽ പെട്ട 20 സെന്റ് സ്ഥലത്ത് കെട്ടിടം പണിത് അതിന് മുകളിൽ റിസർവോയർ സ്ഥാപിക്കാൻ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും 2017-18ൽ തുടർ പ്രോജക്ടുകളൊന്നും ആവിഷ്കരിച്ചിട്ടുമില്ല.

. സ്റ്റാറ്റസ് റിപ്പോർട്ടിലെ സാനിട്ടറി സർവ്വെ പ്രകാരം പഞ്ചായത്തിലെ ആകെയുള്ള 9813 വീടുകളിൽ പൊതു കൌണ്ടറിനെ ആശ്രയിക്കുന്ന 1205 കുടുംബങ്ങളും, പൊതുടാപ്പിനെ ആശ്രയിക്കുന്ന 3570 കുടുംബങ്ങളും, അയൽ വീടുകളിലെ കിണർ ഉപയോഗിക്കുന്ന 1200 വീടുകളുമുണ്ട്. 12ാം പഞ്ചവത്സര പദ്ധതിയിലെ വിവിധ കുടിവെള്ള പ്രോജക്ടുകളിലെ പ്രായോജകർ ഉൾപ്പെടെയുള്ള കണക്കുകൾ ആണിത്. മഴവെള്ള സംഭരണികൾ സ്ഥാപിക്കൽ, മഴക്കൊയ്ത്ത്, ജലസാക്ഷരത തുടങ്ങിയവ വികസന ലക്ഷ്യങ്ങളായി പറയുന്നുണ്ടെങ്കിലും, 2017-18 ൽ ഇത്തരത്തിലുള്ള പദ്ധതികളൊന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല. അവസ്ഥാവിശകലനത്തിൽ കുടിവെള്ള പ്രശ്നം ഗുരുതരമാണെന്ന് കണ്ടെത്തിയിട്ടുമുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 9 /12.07.2018) തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

. മേൽപറഞ്ഞ വെല്ലുവിളികൾ നേരിടാനും, പഞ്ചായത്തിലെ എല്ലാവർക്കും കുടിവെള്ളം എന്ന വികസന സ്വപ്നം സാക്ഷാത്ക്കരിക്കാനും ജലനിധി പദ്ധതി ഏത് വിധേനയും പൂർത്തിയാക്കാനുള്ള ശ്രമങ്ങൾ ഭരണസമിതി, വികസന സമിതി എന്നിവരിൽ നിന്നും ഉണ്ടാകേണ്ടതാണ്.

## 3-14 പകൽ വീട് പ്രവർത്തിക്കുന്നില്ല

വയോജനങ്ങളുടെ ക്ഷേമത്തിനായി 2012-13 വ്രഷം നിർമ്മാണം പൂർത്തീകരിച്ച പകൽ വീടിന് കസേര വാങ്ങൽ എന്ന പദ്ധതിക്കായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പകൽ വീടിന് കസേര വാങ്ങൽ |
| പ്രോജക്ട് നം | SO220/18 |
| അടങ്കൽ | 20,000/- (വികസന ഫണ്ട്-പൊതു വിഭാഗം) |
| ചെലവ് | 19680/- |
| ബിൽ നമ്പർ/തുക തീയതി | 24/17-18 തുക19680/- തീയതി 24.02.2018 |

മേൽ പ്രോജക്ടിൽ 41 കസേരകൾ വാങ്ങുന്നതിനായി 19680/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്ഥലം സന്ദർശിച്ചതിൽ പ്രസ്തുത കെട്ടിടത്തിൽ പകൽ വീട് പ്രവർത്തിക്കുന്നതായി കാണുന്നില്ല. പകൽ വീട് നിർമ്മാണം 2013 ൽ പൂർത്തിയായെങ്കിലും കെട്ടിടവും അതിനുള്ളിൽ സൂക്ഷിച്ചിരിക്കുന്ന ഫർണ്ണിച്ചറുകളും നിഷ്ക്രിയ ആസ്തിയായി തുടരുകയാണ്.

പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 5794 പേർ 60 വയസ്സിനുമുകളിലുള്ളവരാണെന്ന് സ്റ്റാറ്റസ് റിപ്പോർട്ട് വ്യക്തമാക്കുന്നു. ഇതിൽ വാർദ്ധക്യകാല പെൻഷൻ വാങ്ങുന്നവർ 1719 പേരാണ്. പകൽവീട് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന് ചുറ്റും പരിമിതമായ അടിസ്ഥാന സൌകര്യങ്ങളുള്ള ഒരു കോളനിയാണ്. ഏകദേശം 25 വീടുകളിലായി വയോജനങ്ങളുമുണ്ട്. ഇവർക്കായി മറ്റ് പൊതു ഇടങ്ങളോ, പാർക്കുകളൊ പഞ്ചായത്തിൽ ഇല്ല. അതുകൊണ്ടുതന്നെ പകൽവീട് പ്രയോജനപ്പെടുത്താൻ ശ്രമങ്ങൾ നടത്തേണ്ടതാണ്. പഞ്ചായത്തിൽ വയോജനങ്ങൾക്കായി പകൽവീട് പ്രവർത്തനം ആരംഭിക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്തെങ്കിലും തീരുമാനങ്ങൾ എടുക്കുകയോ ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് എന്തെങ്കിലും നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച നൽകിയ 16.07.2018 ലെ 22ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പകൽ വീട് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് | റിഡംപ്ഷൻ തുക |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1450000 | 71/18 ക്ഷീരകർഷകർക്ക് ആനുകൂല്യം<br>21/18 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 150000<br>300000 | 75000 | 675000 |

| | | | | | | |
|---|---|---|---|---|---|---|
| | | | 267/18 എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി | 250000 | | |
| ജില്ലാ പഞ്ചായത്ത് | 2017-18 | 4,70,000 | 119/18 നെൽകൃഷിക്ക് കൂലിച്ചെലവ് 21/18 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 170000<br>300000 | 0 | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ തിയതി | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 210/16.02.18<br>95/07.10.2017<br>198/05.02.2018<br>113/24.11.2017 | 185240 | 185240 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,46,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 1,46,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,46,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|

| | |
|---|---|
| വിദ്യാഭ്യാസ സ്കോളർഷിപ്പ് (13635/07.05.2007) | 46,000 |
| വിദ്യാഭ്യാസ സ്കോളർഷിപ്പ് (38332/30.03.2015) | 1,00,000 |
| ആകെ | 1,46,000 |

.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 63656/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. വാർഷിക ധനകാര്യപത്രിക പ്രകാരം 72,226/-രൂപ വരവുണ്ടെങ്കിലും ഓഡിറ്റ് എൻക്വയറികളെ ആസ്പദമാക്കി അടച്ച 8570/-രൂപയുടെ വിവരങ്ങൾ ഓഡിറ്റ് റിക്കവറിയായി ചേർത്തിട്ടില്ല.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ / സ്ഥാപനത്തിന്റെ പേര് | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2013-14, 14-15 | 2-2 | 2880 | പി ആർ രവീന്ദ്രൻ | 117010101787/ 21.07.2017 |
| 2013-14, 14-15 | 2-2 | 8400 | M/s ലാൻഡ്മാർക്ക് കാർട്ടൺസ് | 117010101945/ 31.07.2017 |
| 2013-14, 14-15 | 3-7 | 8867 | ഗ്രേസി ജോസഫ്, അസി.എഞ്ചിനിയർ, എൽ എസ് ജി ഡി | 117010102322/ 23.08.2017 |
| 2013-14, 14-15 | 3-11 | 26988 | ഗ്രേസി ജോസഫ്, രശ്മി സി എസ് അസി.എഞ്ചിനിയർ, എൽ എസ് ജി ഡി | 117010102483/ 31.08.2017 |
| 2011-12 മുതൽ 2015-16 | ലഭ്യമല്ല | 1200 | എം ജി രവീന്ദ്രൻ | 117010102892/ 28.09.17 |
| 2011-12 മുതൽ 2015-16 | ലഭ്യമല്ല | 1200 | വിശ്വകുമാർ ടി കെ | 117010102902/ 28.09.17 |
| 2011-12 മുതൽ 2015-16 | ലഭ്യമല്ല | 1200 | അനിൽ കുമാർ പി ആർ | 117010102909/ 28.09.2017 |
| 2011-12 മുതൽ 2015-16 | ലഭ്യമല്ല | 1200 | അപ്പു | 117010102910/ 28.09.2017 |
| 2015-16 | ലഭ്യമല്ല | 480 | എസ് ആർ ഷൈജു | 117010102919/ 28.09.2017 |

| | | | | |
|---|---|---|---|---|
| 2011-12 | ലഭ്യമല്ല | 1200 | വി ജി സുകുമാരൻ | 1170101103133/ 11.10.2017 |
| 2011-12 | ലഭ്യമല്ല | 1200 | അബ്ദുൾ സലാം കോൺട്രാക്ടർ | 117010103134/ 11.10.2017 |
| 2008-09, 09-10, 10-11 | 3-9 | 1143 | ചിത്ര കെ പിള്ള കൃഷി ഓഫീസർ | 117010103159/ 12.10.2017 |
| 2011-12 | ലഭ്യമല്ല | 1200 | കെ കെ ലത്തീഫ് | 117010103307/ 24.10.2017 |
| 2008-09 | 3-1 | 6498 | അസി.എഞ്ചിനിയർ, എൽ എസ് ജി ഡി | 117010106311/ 31.01.2018 |
| | ആകെ | 63656 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 81113029 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 89906683 |
| വരവിനങ്ങളിലുള്ള നഷ്ടം | 1045452 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 13541 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 167500 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവിലെ നഷ്ടം | ചെലവ് നഷ്ടം | |
| 2-3 | 102432 | | ശ്രീ.പ്രശാന്ത്.കെ.കെ , സെക്രട്ടറി |
| 2-4 | 943020 | | ശ്രീമതി. മിനിമോൾ പി.വി. അസി. എഞ്ചിനീയർ |
| 3-1 | | 11525 | ശ്രീ.ആന്റണി റോഷൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 ബി | | 2016 | ശ്രീമതി. സുധാകുമാരി ജെ.എസ്, കൃഷി ഓഫീസർ |
| ആകെ | 1045452 | 13541 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2എ | 17500 | ശ്രീമതി. സുധാകുമാരി.ജെ.എസ്, കൃഷി ഓഫീസർ |
| 3-6 | 150000 | ഡോ.പ്രസീദ്.സി.പി, വെറ്റിനറി സർജ്ജൻ |
| | 167500 | |

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ആന്റണി റോഷൻ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കൊരട്ടി ഗ്രാമപഞ്ചായത്ത് | കല്ലറക്കൽ, പുത്തൻവേലിക്കര, എറണാകുളം |
| ശ്രീമതി സുധാകുമാരി ജെ എസ് കൃഷി ഓഫീസർ | കൃഷി ഓഫീസർ കൃഷിഭവൻ,ചെങ്ങമനാട് | 3,ഗംഗ,സംഘം കോംപ്ലക്സ്, പാലാരിവട്ടം |
| ശ്രീ.കെ.എസ്.പ്രകാശൻ, സെക്രട്ടറി | റിട്ടയേഡ് | കൊല്ലന്റെപറമ്പിൽ, ഈസ്റ്റ് കടുങ്ങല്ലൂർ യു സി കോളേജ് പി ഒ |
| ശ്രീ പ്രശാന്ത് .കെ.കെ. സെക്രട്ടറി | സെക്രട്ടറി, കാട്ടുകുറ്റി | കുറ്റിനാപ്പിള്ളി, കറുകുറ്റി. പി.ഒ. 683576 |
| ശ്രീമതി. മിനിമോൾ പി.വി അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, ചെങ്ങമനാട് | കൊല്ലംപറമ്പിൽ (H) N.അട്ടുവാശ്ശേരി, S.അട്ടുവാശ്ശേരി പി.ഒ. |

.

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1980-81 | എൽ.എഫ്.ഇ(പി.1) 697/94/01.07.1994 | 9 |
| 1981-82 | എൽ.എഫ്.ഇ(പി.1) 697/94/01.07.1994 | 12 |
| 1982-83 | എൽ.എഫ്.ഇ(പി.1) 697/94/01.07.1994 | 9 |
| 1983-84 | എൽ.എഫ്.ഇ(പി.1) 697/94/01.07.1994 | 13 |
| 1984-85 | എൽ.എഫ്.ഇ(പി.1) 697/94/01.07.1994 | 8 |

| | | |
|---|---|---|
| 1985-86 | എൽ.എഫ്.ഇ(പി.1) 697/94/01.07.1994 | 10 |
| 1986-87 | എൽ.എഫ്.ഇ(പി.1) 697/94/01.07.1994 | 8 |
| 1987-88 | എൽ.എഫ്.ഇ(പി.1) 697/94/01.07.1994 | 8 |
| 1988-89 | എൽ.എഫ്.ഇ(പി.1) 697/94/01.07.1994 | 3 |
| 1989-90 | എൽ.എഫ്.ഇ(പി.1) 697/94/01.07.1994 | 7 |
| 1990-91 | എൽ.എഫ്.ഇ(പി.1)1048/94 /09.02.1995 | 12 |
| 1992-93 | എൽ.എഫ്.ഇ(പി.1)157/94/15.04.1998 | |
| 1997-98 | എൽ.എഫ്.ഇ(പി.3) 997/02/ 07.02.2003/06.05.2003 | |
| 2002-03 | എൽ.എഫ്.ഇ(പി.3) 1472/07/ 28.07.2008/09.12.2008 | |
| 2003-04 | എൽ.എഫ്.ഇ (പി.3) 940/10/ 18.08.2011/17.10.2011 | |
| 2004-05 | എൽ.എഫ്.ഇ (പി.3) 941/10/ 18.08.2011/17.10.2011 | |
| 2005-06 | എൽ.എഫ്.ഇ (പി.3) 942/10/ 18.08.2011/17.10.2011 | |
| 2006-07 | എൽ.എഫ്.ഇ (പി.3) 1679/08/ 17.07.2008/06.06.2009 | |
| 2007-08 | എൽ.എഫ്.ഇ (പി.3) 1946/08/ 14.09.2009/04.12.2009 | |
| 2008-09 2009-10 2010-11 | എൽ.എഫ്.ഇ (പി.3) 942/10/ 14.09.2012/12.12.2012 | |
| 2011-12 &2012-13 | എൽ.എഫ്.ഇ (പി.3) 162/14 10.03.2014 | |
| 2013-14& 2014-15 | എൽ.എഫ്.ഇ (പി.3) 1117/15 17.07.2015 | |
| 2015-16 | കെ. എസ് . എ / ഇ.കെ.എം(പി 11) 1913/2016 dtd 7.12.2016 | |
| 2016-17 | കെ. എസ് . എ / ഇ.കെ.എം(പി 11) 1876/2017 dtd 03.10.17 | |

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.(പി11) 2079/2018

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം. 0484 2422271,
deoekm.ksad@kerala.gov.in

തീയതി:08.10.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 ,കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ

.

KSA(P11)2079/2018

Kerala State Audit Department,

District Audit Office,
Ernakulam, 0484 2422271,
deoekm.ksad@kerala.gov.in
Date:08.10.2018

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Chengamandu Grama panchayat in Ernakulam district for the year ended on 31.3.2018 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Chengamanadu Grama panchayat for the year 2017-18 except the observations in my audit report properly presents the picture of income and expenditure.

.

Deputy Director